# റബ്ബർ

ഒക്ടോബർ 2021 • വാർഷികവരിസംഖ്യ ₹100

- നിയന്ത്രിതകമിഴ്ത്തിവെട്ട്
- റബ്ബറിന്റെ ഇലമടക്കി കാറ്റിനു വഴിയൊരുക്കാം
- ഔഷധക്കൃഷിയുമായി കരുളായി സംഘം
- റബ്ബർകൃഷിയിലുള്ള താൽപര്യം കേരളത്തിൽ കുറഞ്ഞിട്ടില്ല



## ഒരു റബ്ബർ എക്സ്പ്രസ് വിജയഗാഥ



www.cheerakuzhy.com
CHEERAKUZHY
Wonder Root
ROOT TRAINER RUBBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ. സി. കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും WONDER ROOT കപ്പ് തൈകളും തമ്മിലുള്ള വ്യത്യാസം നേരിൽ കണ്ടറിയുന്നതിന് നഴ്സറി സന്ദർശിക്കുക.
WONDER ROOT
കപ്പ് റബ്ബർ തൈകൾ വിൽപ്പനയ്ക്ക് തയ്യാർ
2022 സീസണിലേക്ക് ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു
കൂടുതൽ വിവരങ്ങൾക്ക്
9747500600, 8592900400
ലഭ്യത പരിമിതം ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 0466 2266064, 08592900400
09447011047, 09447315306
Email: jose@cheerakuzhy.com | cheerakuzhy@gmail.com
www.cheerakuzhy.com

665

# റബ്ബർ

ഒക്ടോബർ 2021

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 2301231, ഫാക്സ്: 2574902
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ:
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ:
**ഡോ. കെ.എൻ. രാഘവൻ**

എഡിറ്റർ:
**കെ.ജി. സതീശ് കുമാർ**

അസിസ്റ്റന്റ് എഡിറ്റർ:
**പി. പ്രസാദ്**
**ബി. ശ്രീകുമാർ**

**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# ഉള്ളടക്കം

06 | നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തി സുസ്ഥിരാദായം ഉറപ്പാക്കുക
10 | ഒരു റബ്ബർ എക്സ്പ്രസ് വിജയഗാഥ
13 | റബ്ബറിന്റെ ഇലമടക്കി കാറ്റിനു വഴിയൊരുക്കാം
16 | ഔഷധക്കൃഷിയുമായി കരുളായി സംഘം
18 | റബ്ബർകൃഷിയിലുള്ള താൽപര്യം കേരളത്തിൽ കുറഞ്ഞിട്ടില്ല
22 | റേഞ്ചറുടെ റബ്ബർതോട്ടം ഇനി 'റേഞ്ചേഴ്സ് റാഞ്ച്'
25 | റബ്ബർചരിത്രം
29 | കൃഷിപ്പണികൾ
32 | പരിശീലനപരിപാടികൾ
34 | ഗ്രാമകേരളം
36 | കോൾസെന്റർ
40 | വിപണി
42 | തോട്ടത്തിലാശാൻ



# തോട്ടങ്ങൾ മധുരിക്കട്ടെ

വീട്ടുമുറ്റത്തു സുലഭമായി കിട്ടാവുന്ന ഒരു വിശിഷ്ടവസ്തു വേണ്ടെന്നുവയ്ക്കുന്നവരാണ് നമ്മളിൽ പലരും. ഒരു ഔഷധമെന്ന നിലയിലും വിശിഷ്ടാഹാരമെന്ന നിലയിലും ആധുനികശാസ്ത്രവും അംഗീകരിച്ച തേനിന്റെ കാര്യമാണ് പറഞ്ഞുവന്നത്. വികസിതരാജ്യങ്ങളിലെല്ലാംതന്നെ തേനിന്റെ ആളോഹരി ഉപയോഗം ഉയർന്നതാണ്. പക്ഷേ, ആയുർവേദത്തിന്റെ നാട് തേനിന്റെ മഹിമ ഇനിയും പൂർണ്ണമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ തേനുത്പാദനത്തിന്റെ സിംഹഭാഗവും റബ്ബറിൽനിന്നാണ്. ഒരു ഹെക്ടർ തോട്ടത്തിൽ ശരാശരി 20 പെട്ടികളെങ്കിലും വയ്ക്കാം. 30 വരെ പെട്ടികളും വയ്ക്കുന്നവരുണ്ട്. ഒരു പെട്ടിയിൽനിന്ന് ശരാശരി അഞ്ചു കിലോഗ്രാം തേൻ കണക്കാക്കിയാൽപോലും ഒരു ഹെക്ടറിൽനിന്ന് 100 കി.ഗ്രാം തേൻ ലഭിക്കാൻ ഒരു ബുദ്ധിമുട്ടുമുണ്ടാകില്ല. കാലാവസ്ഥ അനുകൂലമാണെങ്കിൽ ഒരു പെട്ടിയിൽനിന്ന് 10 കി.ഗ്രാമോ അതിലധികമോ തേൻ സീസണിൽ ലഭിക്കും. ജനുവരി, ഫെബ്രുവരി മാസങ്ങളാണ് തേനിന്റെ വിളവെടുപ്പുകാലം. ആ സമയത്ത് തേൻ ലഭിക്കണമെങ്കിൽ തോട്ടങ്ങളിൽ പെട്ടികൾ സ്ഥാപിച്ചുതുടങ്ങേണ്ട സമയമാണിപ്പോൾ. അതിനുള്ള തയ്യാറെടുപ്പുകൾക്ക് ഇനിയും അമാന്തിച്ചുകൂടാ. മഴയുടെ താളം തെറ്റിയിട്ടുണ്ടെങ്കിലും തുലാവർഷപ്പെയ്ത്തു തീരുന്ന മുറയ്ക്ക് കോളനി വിഭജനം നടത്തി നിലവിലുള്ള പെട്ടികളുടെ എണ്ണം കൂട്ടുകയും ചെയ്യാം.

റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് തേനീച്ചവളർത്തലിൽ പരിശീലനം നൽകുന്നുണ്ട്. തേനീച്ചവളർത്തൽ സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. റബ്ബർ തോട്ടങ്ങളിൽനിന്ന് അധികവരുമാനം നേടുന്നതിനു മാത്രമല്ല, കുടുംബാംഗങ്ങളെക്കൂടി ചേർത്ത് ആഹ്ലാദകരമായി ചെയ്യാവുന്ന മധുരം കിനിയുന്ന തൊഴിൽകൂടിയാണ് തേനീച്ചവളർത്തൽ.

- എഡിറ്റർ



# പുതിയ ഭൂമികകളിലേക്ക്

നമ്മുടെ രാജ്യത്ത് പ്രകൃതിദത്തറബ്ബറിന്റെ ആവശ്യകത വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. നടപ്പുസാമ്പത്തിക വർഷത്തെ ഉപഭോഗം 11.9 ലക്ഷം ടണ്ണായിരിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഇക്കാലയളവിലെ പ്രതീക്ഷിത ഉത്പാദനം 7.9 ലക്ഷം ടൺ മാത്രമാണ്. നമ്മുടെ വ്യാവസായികാവശ്യങ്ങൾക്ക് ഈ സാമ്പത്തികവർഷം നാലു ലക്ഷം ടൺ പ്രകൃതിദത്തറബ്ബർകൂടി കണ്ടെത്തേണ്ടിവരുമെന്നാണ് ഇതിന്റെ അർത്ഥം. സ്വാഭാവികമായും നാം ഇറക്കുമതിയെ ആശ്രയിക്കേണ്ടിവരും. ഇറക്കുമതി അധികമാകുന്നത് കർഷകരെ പ്രതികൂലമായി ബാധിക്കും

റബ്ബർ ഇറക്കുമതി കുറയ്ക്കുന്നതിനുള്ള പ്രധാന പോംവഴി ഉത്പാദനം വർദ്ധിപ്പിക്കുകയെന്നതാണ്. ഇതിന് ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മുന്തിയ ഇനം റബ്ബർതൈകൾ ഉപയോഗിച്ച് ശാസ്ത്രീയമായി പുതുക്കൃഷിയും ആവർത്തനക്കൃഷിയും നടത്തുകയെന്നതാണ് ദീർഘകാലാടിസ്ഥാനത്തിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നാം ചെയ്യേണ്ടത്. എന്നാൽ പരമ്പരാഗതമേഖലയിൽ പുതുക്കൃഷിക്കുള്ള സ്ഥലലഭ്യത തീരെക്കുറഞ്ഞിരിക്കുകയാണ്. റബ്ബറാകട്ടെ എല്ലാ സ്ഥലങ്ങളിലും കൃഷിചെയ്യാനാകുകയുമില്ല. അതിനാൽ പരമ്പരാഗതമല്ലാത്ത, എന്നാൽ ഏറെക്കുറെ അനുകൂലമായ കാലാവസ്ഥ നിലനിൽക്കുന്ന സ്ഥലലഭ്യതയുള്ള പ്രദേശങ്ങളിലേക്ക് റബ്ബർ വ്യാപിപ്പിച്ചുകൊണ്ടുമാത്രമേ ദീർഘകാലാടിസ്ഥാനത്തിൽ ഉത്പാദനവർദ്ധനയ്ക്കായി നടപടികൾ സ്വീകരിക്കാനാകൂ.

സപ്തസഹോദരികൾ എന്നറിയപ്പെടുന്ന ത്രിപുര, അസം, മേഘാലയ, നാഗാലാന്റ്, മണിപ്പൂർ, മിസ്സോറാം, അരുണാചൽ പ്രദേശ് എന്നീ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലാണ് ഇത്തരത്തിൽ കൃഷി വ്യാപിപ്പിക്കാൻ ഭൂമി കൂടുതൽ ലഭ്യമായിട്ടുള്ളത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽതന്നെ ഈ മേഖലയിൽ റബ്ബർ എത്തിയിരുന്നു. എന്നാൽ ഒരു വിളയെന്ന രീതിയിൽ കൃഷിചെയ്യാൻ ആരംഭിച്ചത് 1960 മുതലാണ്. പിന്നീട് റബ്ബർബോർഡിന്റെ സജീവമായ ഇടപെടലുകളിലൂടെയും സംസ്ഥാനസർക്കാരുകളുടെ സഹകരണത്തോടെയും 1.90 ലക്ഷം ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി വ്യാപിച്ചു. കൃഷികേന്ദ്രീകൃതമായ ഒരു സമീപനത്തിനപ്പുറം ജനകേന്ദ്രീകൃതമായ വികസനത്തിന് റബ്ബർബോർഡ് ഊന്നൽ നൽകിയതിനാൽ വടക്കുകിഴക്കൻ മേഖലയുടെ സാമ്പത്തിക സാമൂഹികമേഖലകളിൽ ഗുണകരമായ ഒട്ടേറെ പരിവർത്തനങ്ങൾക്ക് റബ്ബർകൃഷി കാരണമാകുകയും ചെയ്തു. റബ്ബർകൃഷി ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ സാമൂഹികജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗംകൂടിയാണിന്ന്.

വടക്കുകിഴക്കൻ മേഖലയിലേക്ക് റബ്ബർകൃഷി ഇനിയും കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷന്റെയും (എടിഎംഎ) നബാർഡിന്റെയും സഹകണത്തോടെ ഒരു വായ്പാധിഷ്ഠിത റബ്ബർ കൃഷി വികസന പദ്ധതിക്ക് (ക്രെഡിറ്റ് ലിങ്ക്ഡ് റബ്ബർ പ്ലാന്റേഷൻ ഡെവലപ്മെന്റ് പ്ലാൻ - സിഎൽആർപിഡിപി) ബോർഡ് തുടക്കമിട്ടിരിക്കുകയാണ്. അഞ്ചുവർഷം കൊണ്ട് രണ്ടുലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഈ വർഷം 5000 ഹെക്ടർ സ്ഥലത്ത് തൈകൾ നടുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. നടീൽവസ്തുക്കളുടെ ലഭ്യതക്കുറവായിരുന്നു ഈ വർഷം നേരിട്ട പ്രധാന വെല്ലുവിളി. പ്രത്യേകം ചാർട്ടർ ചെയ്ത നാലു ട്രെയിനുകളിലായി 5.44 ലക്ഷം റൂട്ട് ട്രെയിനർ തൈകളും മൂന്നു ലക്ഷം ബഡ്ഡുതൈക്കുറ്റികളും ബോർഡ് എത്തിച്ചു. സംസ്ഥാനഗവണ്മെന്റുകളുടെകൂടി സഹകരണത്തോടെ പദ്ധതി ലക്ഷ്യത്തിലെത്തിക്കാനാകുമെന്ന പ്രതീക്ഷയിലാണ് റബ്ബർബോർഡ്. ദേശീയ റബ്ബർ നയം നിർദ്ദേശിക്കുന്ന ഉപഭോഗത്തിന്റെ 75 ശതമാനം എങ്കിലും ഉത്പാദനം എന്ന ലക്ഷ്യത്തിലേക്ക് എത്തണമെങ്കിൽ ഈ ദൂരങ്ങളത്രയും നാം താണ്ടിയേ മതിയാകൂ.

ആശംസകളോടെ

ഡോ. കെ.എൻ. രാഘവൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്





ഡോ. ആർ. രാജഗോപാൽ
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# നിയന്ത്രിതകമിഴ്ത്തിവെട്ട്
## നടത്തി സുസ്ഥിരാദായം ഉറപ്പാക്കുക

**റബ്ബറിൽനിന്ന് ദീർഘകാലത്തേക്ക് മെച്ചപ്പെട്ട ഉത്പാദനം ലഭ്യമാക്കുന്ന ടാപ്പിങ്‌രീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട്. താഴത്തെ പുതുപ്പട്ടയ്ക്കു മുകളിലുള്ള കന്നിപ്പട്ട ദീർഘകാലം ഉപയോഗിക്കുന്നതിന് സഹായിക്കുന്ന ഈ ടാപ്പിങ്‌രീതിയുടെ പ്രത്യേകതകളെക്കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുമാണ് ലേഖനം.**

ഒരു ദീർഘകാലവിളയായ റബ്ബർമരങ്ങളിൽ നിന്ന് സുസ്ഥിരാദായം ലഭിക്കണമെങ്കിലും ദീർഘകാലം വിളവെടുക്കാൻ കഴിയണമെങ്കിലും ശാസ്ത്രീയ ടാപ്പിങ്‌രീതികൾ അനുവർത്തിക്കേണ്ടതുണ്ട്. ഇതിനായി ടാപ്പിങ് തുടങ്ങുമ്പോൾ മുതൽ ശ്രദ്ധിക്കണം. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, മണ്ണിന്റെ ഫലപുഷ്ടിയിലുണ്ടാകുന്ന കുറവ്, അശാസ്ത്രീയമായ ടാപ്പിങ് എന്നിവയെല്ലാം വിളവു കുറയുന്നതിനുള്ള കാരണങ്ങളാണ്. മറ്റൊരു പ്രധാനകാരണം ഉത്പാദനം കുറഞ്ഞ പ്രായമായ റബ്ബർമരങ്ങൾ തോട്ടങ്ങളിൽ നിലനിർത്തുന്നതാണ്. എന്നാൽ ഇതിനൊരു പരിഹാരമാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് (Controlled Upward Tapping - CUT).

ഈ ടാപ്പിങ്‌രീതിയിലൂടെ റബ്ബർമരങ്ങളിൽ നിന്നുള്ള ഉത്പാദനം 50 ശതമാനത്തിലധികം വർദ്ധിപ്പിക്കാനാകും. പുതുപ്പട്ടയ്ക്ക് മുകൾ ഭാഗത്തെ അസ്സൽപട്ടയിൽ മരത്തിന്റെ ചുറ്റളവിന്റെ നാലിലൊന്നുമാത്രം എടുത്ത്, പരിഷ്കരിച്ച ഗൂജ് കത്തി ഉപയോഗിച്ച് ടാപ്പുചെയ്യുന്ന രീതിയാണിത്. 125 സെ.മീറ്ററിന് മുകളിലുള്ള പട്ടയിൽ നീളം കുറഞ്ഞ വെട്ടുചാൽ (മൂന്നിലൊന്നോ നാലിലൊന്നോ നീളത്തിൽ) ഇട്ടുകൊണ്ടാണ് ഈ രീതിയിലുള്ള ടാപ്പിങ് നടത്തേണ്ടത്. ഉത്തേജകൗഷധം ഉപയോഗിക്കുകയും വേണം. ഈ രീതിയിലുള്ള വിളവെടുപ്പ് നടത്തിയാൽ പുതുപ്പട്ടയ്ക്കു മുകളിലുള്ള കന്നിപ്പട്ട ദീർഘകാലം ടാപ്പുചെയ്യാം.പഴയ മരങ്ങളിലും ആദായം കുറഞ്ഞ മരങ്ങളിലും ടാപ്പിങ്ങിലെ അപാകങ്ങൾകൊണ്ടും പുതുപ്പട്ടയിൽ ടാപ്പിങ് അസാധ്യമായ മരങ്ങളിലും നിയന്ത്രിതകമിഴ്ത്തിവെട്ട് പ്രാവർത്തികമാക്കുന്നതുവഴി ശരാശരി 50 ശതമാനംവരെ ഉത്പാദനവർദ്ധന നേടാൻ സാധിക്കും. നമ്മുടെ രാജ്യത്ത് നിയന്ത്രിത കമിഴ്ത്തിവെട്ട് ചെയ്യാൻ ഉചിതമായ സമയം നവംബർ - ഡിസംബർ മാസം മുതൽ അടുത്ത വർഷം മെയ്മാസം വരെയാണ്.

താഴത്തെ പട്ടയിൽ റെയിൻഗാർഡുചെയ്ത് മഴക്കാലത്ത് ഏകദേശം ആറുമാസക്കാലം ടാപ്പിങ് തുടരുകയും ചെയ്യാം. പിന്നീട് ആറുമാസക്കാലം നിയന്ത്രിതകമിഴ്ത്തിവെട്ടിലേക്ക് മാറാം. ഈ രീതിയിൽ ടാപ്പിങ് തുടരുമ്പോൾ ആറുമാസം വീതം മുകളിലത്തെ പട്ടയ്ക്കും താഴത്തെ പട്ടയ്ക്കും വിശ്രമം ലഭിക്കുന്നതിനാൽ ഉത്പാദനം കൂടുന്നു. മോശമായ ടാപ്പിങ് മൂലം താഴത്തെ പട്ട ടാപ്പിങ്ങിന് യോഗ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ (ചിത്രം 1, 2) വർഷംമുഴുവൻ നിയന്ത്രിതകമിഴ്ത്തിവെട്ട് ചെയ്യാം. എന്നാൽ മഴക്കാലത്ത് വീതിയുള്ള പോളിത്തീൻഷീറ്റിട്ട് നിയന്ത്രിതകമിഴ്ത്തിവെട്ട് ചെയ്യാൻ



ചിത്രം 1



ചിത്രം 2

പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. അതിനാൽ താഴത്തെ പട്ടയുടെ ടാപ്പിങ് മികച്ചതായിരിക്കാൻ കർഷകർ ശ്രദ്ധിക്കേണ്ടതുണ്ട്. ശുപാർശ പ്രകാരം എത്തഫോൺ താഴത്തെ പട്ടയിലും മുകളിലത്തെ പട്ടയിലും പ്രയോഗിക്കണം. മൂന്നു ദിവസത്തിലൊരിക്കൽ ഇടവേളയിൽ മുകളിലത്തെ പട്ടയിൽ 1/4 ചുറ്റളവിൽ നിയന്ത്രിതകമിഴ്ത്തിവെട്ട് ചെയ്യുമ്പോൾ മാസത്തിൽ ഒന്നു വീതം അഞ്ചു ശതമാനം വീര്യത്തിൽ എത്തഫോൺ വള്ളിപ്പാലിനു മുകളിൽ (ടാപ്പിങ്ങിന് 48 മണിക്കൂർ മുൻപ്) പുരട്ടാവുന്നതാണ്.

## ടാപ്പിങ്പാനൽ അടയാളപ്പെടുത്തൽ

നിലവിൽ, സി പാനലിൽ ഒന്നാംവർഷമോ രണ്ടാം വർഷമോ ടാപ്പുചെയ്യുന്ന മരങ്ങളിൽ സി.യു.റ്റി. ചെയ്യുന്നതിനായി മാർക്കു ചെയ്യുന്നതെങ്ങനെയെന്ന് നോക്കാം. ഇതിനായി സി പാനലിന്റെ മുൻകാനവര നേരെ മുകളിലേക്ക് (മുകളിലുള്ള അസ്സൽപട്ടയിലേക്ക് രണ്ടു മീറ്റർ വരെ നീട്ടിവരയ്ക്കുക. ആ ഭാഗത്തെ മരത്തിന്റെ ശരാശരി വണ്ണം കണക്കാക്കി, ഈ വരയെ അടിസ്ഥാനമാക്കി നാലിലൊരുഭാഗം വീതം തുല്യമായി വരുന്ന നാലു പാനലുകൾ കണക്കാക്കുക. ഇതിൽ ബി പാനലിന്റെ മുകളിൽവരുന്ന രണ്ടുപാനലുകളിൽ, വലതുഭാഗത്തെ (മരത്തിന് അഭിമുഖമായി നിൽക്കുമ്പോൾ) പാനലിൽ ആദ്യം ടാപ്പിങ് തുടങ്ങണം. തുടർന്ന് പട്ട തീരുന്ന മുറയ്ക്ക്, അതായത് രണ്ടു വർഷം (24 മാസം) കഴിഞ്ഞ് ഈ പാനലിന്റെ വലതുഭാഗത്തു വരുന്ന അടുത്ത പാനലുകൾ ഓരോന്നായി 24 മാസം വീതം സി.യു.റ്റി. ചെയ്യണം. കമിഴ്ത്തുപട്ടയായതിനാൽ 45 ഡിഗ്രി ചെരിവിൽ അടയാളപ്പെടുത്തി വേണം മാർക്കുചെയ്യാൻ (ചിത്രം 1, 2) പട്ട മാർക്കു ചെയ്തശേഷം വെട്ടുചാൽ സാധാരണ കത്തി/ജബോങ് കത്തി ഉപയോഗിച്ച് തുറക്കണം. ആദ്യത്തെ 2–3 തവണ ടാപ്പിങ് ഇതേ കത്തി ഉപയോഗിച്ച് തുറന്നതിനു ശേഷമേ പരിഷ്കരിച്ച ഗൂജ് കത്തി ഉപയോഗിക്കാൻ സാധിക്കൂ. നിയന്ത്രിതകമിഴ്ത്തിവെട്ടിൽ മുൻകാനയിൽ തുടങ്ങി പിൻകാനയിലേക്ക് കുത്തി വെട്ടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് മുൻകാനയിൽനിന്ന് 6 ഇഞ്ച് (15 സെ.മീ.) താഴ്ത്തിവേണം ചില്ല് ഉറപ്പിക്കാൻ. ചില്ല് മുൻകാനയോട് അടുത്തിരുന്നാൽ ഗൂജ്കത്തി കൊണ്ട് ടാപ്പുചെയ്യാൻ അസൗകര്യമാണ്. ചില്ലിനും താഴെയായി പാലുനിറഞ്ഞ ചിരട്ട അനായാസം എടുക്കാവുന്ന രീതിയിൽ ചിരട്ടതാങ്ങിയും വെയ്ക്കാം.

## പരിഷ്കരിച്ച ഗൂജ്കത്തി

നിയന്ത്രിതകമിഴ്ത്തിവെട്ട് ടാപ്പിങ്പാനൽ തറനിരപ്പിൽനിന്ന് 125 സെന്റീമീറ്ററിലധികം ഉയരത്തിലായതിനാൽ തറയിൽ നിന്നുകൊണ്ടു തന്നെ ശരിയായരീതിയിൽ ടാപ്പുചെയ്യാൻ പരിഷ്കരിച്ച, (അതായത് നീളമുള്ള പിടിയുള്ള) ഗൂജുകത്തിതന്നെ ഉപയോഗിക്കണം.

പരിശീലനം കിട്ടിയ ഒരാൾക്ക് ഈ കത്തിയുപയോഗിച്ച് ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന കനത്തിലും (മാസത്തിൽ മൂന്നു സെ.മീറ്റർ) നീളത്തിലും പട്ട അരിയാൻ കഴിയും. കമിഴ്ത്തുപട്ടയാണെങ്കിൽ പോലും

വെട്ടുചാലിൽകൂടി മാത്രം പാലൊഴുകുന്ന വിധം (പട്ടയിൽകൂടി പാൽ പരന്നൊഴുകാത്തരീതിയിൽ) ശരിയായി ടാപ്പുചെയ്യാനും സാധിക്കും. ആവശ്യമെങ്കിൽ താങ്ങുപട്ടയിലെ വെട്ടുചാൽ മാസത്തിൽ ഒരു പ്രാവശ്യം തെളിക്കാവുന്നതാണ്. മറ്റു കത്തികൾ ഉപയോഗിച്ചാൽ മേൽ പറഞ്ഞ നിയന്ത്രണങ്ങളോടെ ടാപ്പുചെയ്യാൻ കഴിയാത്തതുകൊണ്ട് ടാപ്പിങ്ങിന്റെ ഗുണമേന്മയെയും മര

നിയന്ത്രിതകമിഴ്ത്തിവെട്ട് ഉത്പാദനം കൂടിയ ഇനങ്ങളിൽ ചെയ്യുമ്പോൾ ലഭിക്കാവുന്ന ഉത്പാദനം




ത്തിനെയും ബാധിക്കും. അതതു പ്രദേശത്തെ റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെട്ട് സി.യു.റ്റി. പരിശീലനം നേടാവുന്നതാണ്.

## ഉത്തേജകൗഷധപ്രയോഗം

നിയന്ത്രിതകമിഴ്ത്തിവെട്ട് ചെയ്യുമ്പോൾ വെട്ടുചാലിന്റെ നീളം കുറയ്ക്കുന്നതിനാൽ ശരിയായ ഉത്പാദനം ലഭിക്കാൻ ശുപാർശ ചെയ്യപ്പെട്ടിരിക്കുന്ന തോതിൽ എത്തഫോൺ എന്ന ഉത്തേജകമരുന്ന് ഉപയോഗിക്കണം. വിപണിയിൽ ലഭിക്കുന്ന പത്തു ശതമാനം വീര്യമുള്ള മരുന്ന് അഞ്ചു ശതമാനം വീര്യമാക്കി (1:1 എന്ന അനുപാതത്തിൽ വെളിച്ചെണ്ണ അല്ലെങ്കിൽ പാമോയിലുമായി ചേർത്ത്) നേർപ്പിച്ച ശേഷം വള്ളിപ്പാലിന്റെ മുകളിലായി വേണം പുരട്ടാൻ.



*ചിത്രം 3*

ആർആർഐഐ 105 ഇനം മരങ്ങളിൽ നാലിലൊന്നു ചുറ്റളവിൽ മൂന്നു ദിവസത്തിലൊരിക്കൽ സി.യു.റ്റി. ചെയ്യുമ്പോൾ, മാസത്തിലൊരിക്കൽ ടാപ്പിങ്ങിന്റെ പിറ്റേന്ന് (നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ ടാപ്പിങ്ങിന് 48 മണിക്കൂർ മുൻപ്) മരുന്നു പുരട്ടിക്കൊടുക്കണം. ഇടവേള കൂട്ടി ആഴ്ചയിലൊരിക്കൽ എന്ന രീതിയിലും സി.യു.റ്റി. ചെയ്യാം. അപ്പോൾ വെട്ടുചാലിന്റെ നീളം മുന്നിലൊന്ന് ചുറ്റളവ് ആയിരിക്കണം. കൂടാതെ ഓരോ രണ്ടു ടാപ്പിങ്ങിനുശേഷവും മൂന്നാമത്തെ ടാപ്പിങ്ങിന് മുന്നു ദിവസം മുമ്പും അഞ്ചുശതമാനം വീര്യത്തിൽമരുന്നു പുരട്ടണം. ഉത്പാദനം കൂടിയ ഇനങ്ങളിൽ നിയന്ത്രിതകമിഴ്ത്തി വെട്ട് നടപ്പിലാക്കിയാൽ ലഭിക്കാവുന്ന ഉത്പാദനം മുകളിൽ കാണിച്ചിരിക്കുന്നു.

ഗുണനിലവാരമില്ലാത്ത ടാപ്പിങ് മൂലം താഴത്തെ പട്ട ടാപ്പിങ്ങിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ വർഷം മുഴുവൻ നിയന്ത്രിത കമിഴ്ത്തി വെട്ട് ചെയ്യേണ്ടിവരുന്നു. (ചിത്രം 3).

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വെട്ടുചാലിന്റെ നീളം ഒരിക്കലും പകുതി ചുറ്റളവ് ആക്കരുത്. നാലിലൊന്നു വെട്ടുചാലാണ് നല്ലത്.
2. നാടൻ / ജബോങ് കത്തികൾ യാതൊരു കാരണവശാലും സി.യു.റ്റി.ക്ക് ഉപയോഗിക്കരുത്. നിർബന്ധമായും ഗുണമേന്മയുള്ള പരിഷ്ക്കരിച്ച ഗൂജ്കത്തി മാത്രം ഉപയോഗിക്കുക.
3. മഴക്കാലത്ത് സി.യു.റ്റി. ബുദ്ധിമുട്ടാണ്. മോശം ടാപ്പിങ് മൂലം കായം വീണ് തുടർന്നുള്ള ഉത്പാദനത്തെ ബാധിക്കും.
4. ശുപാർശ ചെയ്യുന്ന തോതിൽ മാത്രം എത്തഫോൺ പ്രയോഗിക്കുക

നിയന്ത്രിതകമിഴ്ത്തിവെട്ട് കടുംവെട്ടാണെന്ന തെറ്റായ ധാരണ ചില കർഷകർക്കുണ്ട്. ശരിയായ രീതിയിൽ നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുകയാണെങ്കിൽ മേൽപട്ടയിൽനിന്ന് (കീഴ്പ്പട്ട മരച്ച മരങ്ങളിൽ നിന്നുപോലും) ദീർഘകാലം നല്ല ആദായമെടുക്കാൻ കഴിയും. മൂന്നു ദിവസത്തെ ഇടവേളയിൽ ടാപ്പു ചെയ്യുന്ന മരങ്ങളാണെങ്കിലും നിയന്ത്രിതകമിഴ്ത്തി വെട്ടുകൂടി നടപ്പാക്കിയാൽ ഏകദേശം 30-32 വരെ വർഷം ആദായമെടുക്കാൻ കഴിയും. •





ബിനോയ് ലൂക്കോസ്. എൻ
ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മിഷണർ

# ഒരു റബ്ബർ എക്സ്പ്രസ് വിജയഗാഥ

**ആട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ, നബാർഡ് എന്നിവരുടെ സഹകരണത്തോടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന വായ്പാധിഷ്ഠിത റബ്ബർകൃഷി വികസന പദ്ധതി പ്രകാരം ഈ വർഷം 5000 ഹെക്ടർ സ്ഥലത്ത് പുതുതായി തൈകൾ നടാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട ചില വിവരങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത്.**

വടക്കുകിഴക്കൻമേഖലയിൽ റബ്ബർകൃഷിയിൽ ഒരു കുതിച്ചുചാട്ടത്തിന് കളമൊരുങ്ങുന്നു. ആട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷനും (ആത്മ-ATMA) നബാർഡിന്റെയും സഹകണത്തോടെ നടപ്പാക്കുന്ന വായ്പാധിഷ്ഠിത റബ്ബർകൃഷി വികസനപദ്ധതി (ക്രെഡിറ്റ് ലിങ്ക്ഡ് റബ്ബർ പ്ലാന്റേഷൻ ഡെവലപ്മെന്റ് പ്ലാൻ -സിഎൽആർപിഡിപി) പ്രകാരം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർകൃഷി പുതിയ മേഖലകളിലേക്ക് വ്യാപിക്കുകയാണ്. ഭാരതത്തിന്റെ ആഭ്യന്തര ഉത്പാദനം ഉപഭോഗത്തേക്കാൾ ഏറെ പിന്നിലാവുകയും ആ വിടവ് നികത്താൻ ഇറക്കുമതി





വേണ്ടിവരുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തപ്പോഴാണ് കൂടുതൽ മേഖലകളിലേക്ക് റബ്ബർകൃഷി വ്യാപിപ്പിക്കേണ്ട സാഹചര്യം ഉണ്ടായത്. പരമ്പരാഗത മേഖലയിൽ ഇനി കൃഷിവ്യാപനത്തിന് കാര്യമായ സാധ്യതയില്ലാത്തതിനാലാണ് കൃഷിഭൂമിയുടെ ലഭ്യത കൂടുതലുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് ബോർഡ് ശ്രദ്ധ തിരിച്ചത്. ഉപഭോഗമേഖലയുടെ കൈത്താങ്ങു കൂടിയായപ്പോൾ പദ്ധതിനടത്തിപ്പിന് വേഗം കൈവന്നു. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ചു വർഷം കൊണ്ട് രണ്ടുലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് വായ്പാധിഷ്ഠിത റബ്ബർകൃഷിവികസനപദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്. ഈ വർഷം 5000 ഹെക്ടർ സ്ഥലത്ത് തൈകൾ നടാനാണ് ഉദ്ദേശിക്കുന്നത്.

ഈ വർഷം തുടക്കമിട്ട പദ്ധതിക്ക് വെല്ലുവിളിയായത് നടീൽവസ്തുക്കളുടെ ലഭ്യതക്കുറവായിരുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ത്രിപുര ഒഴികെ മറ്റൊരു സംസ്ഥാനത്തും തൈകൾ കിട്ടാനാകാത്ത അവസ്ഥയുണ്ടായിരുന്നു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. എൻ. രാഘവൻ മുൻകൈയ്യെടുത്ത് കേരളത്തിൽ ലഭ്യമായ നടീൽവസ്തുക്കൾ സമയബന്ധിതമായി അസമിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും അയയ്ക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തു.

ആദ്യം പരീക്ഷണമെന്ന നിലയിൽ പതിനായിരത്തിയഞ്ഞൂറ് കപ്പുതൈകൾ തിരുവനന്തപുരത്തുനിന്ന് മെയ്മാസം ട്രെയിൻമാർഗം അസമിലെ ഗുവാഹത്തി സ്റ്റേഷനിൽ എത്തിച്ചു.

നിശ്ചിത വലുപ്പത്തിലുള്ള ഹാർഡ്ബോർഡ് കാർട്ടണുകളിൽ പായ്ക്കുചെയ്ത് പാസഞ്ചർ ബോഗിയിലാണ് തൈകൾ അയച്ചത്. നടാൻ പാകത്തിലുള്ള രണ്ടു തട്ടിലകളോടു കൂടിയുള്ള തൈകൾക്ക് ആവശ്യമായ കാറ്റും വെളിച്ചവും ഉറപ്പാക്കുന്നതിനാണിങ്ങനെ തൈകളയച്ചത്. പരീക്ഷണാടിസ്ഥാനത്തിൽ എത്തിയ തൈകൾ വിജയകരമായി കർഷകരുടെ കൈകളിൽ എത്തിക്കാൻ കഴിഞ്ഞു.

പിന്നീട് റെയിൽവെയുമായി ചേർന്ന് ഭാരതപ്പുഴ - ബ്രഹ്മപുത്ര റബ്ബർ എക്സ്പ്രസ് എന്ന് നാമകരണം ചെയ്ത പതിനഞ്ചു മുതൽ ഇരുപതു വരെ ബോഗികളുള്ള ചാർട്ടേഡ് പാസഞ്ചർ ട്രെയിനിൽ ഏതാണ്ട് അഞ്ചരലക്ഷത്തോളം കപ്പുതൈകൾ മൂന്നു തവണകളായി അസമിലെ അസാറ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചത് ഇന്ത്യയിലെ റബ്ബർകൃഷി രംഗത്ത് ചരിത്രമായി. 2.35 ലക്ഷം റൂട്ട് ട്രെയിനർ റബ്ബർതൈകളും ഏതാണ്ട് ഒരു ലക്ഷം കോൽതൈകളുമായി അവസാന ട്രെയിൻ 2021 സെപ്റ്റംബർ 1 ന് ഗുവാഹത്തിയിലെത്തി. റബ്ബർ കപ്പുതൈകൾ വടക്കുകിഴക്കൻ മണ്ണിൽ നടുന്നതും ചരിത്ര





# ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സ് (വാല്യം 42, 2021) പ്രസിദ്ധീകരിച്ചു



*ഡോ. കെ. എൻ. രാഘവൻ പുസ്തകത്തിന്റെ കോപ്പി റോണി ജോസഫ് തോമസിന് നൽകി പ്രകാശനം നിർവഹിക്കുന്നു. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ജോയിന്റ് ഡയറക്ടർ ലിസി എം. ജെ., അസിസ്റ്റൻറ് ഡയറക്ടർ ഗീത സി. കെ. എന്നിവർ സമീപം.*

റബ്ബർബോർഡ് പ്രസിദ്ധീകരണമായ ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സ് (വാല്യം 42, 2021) പ്രസാധനം ചെയ്തു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. എൻ. രാഘവൻ ഇന്ത്യൻ ബ്ലോക്ക് റബ്ബർ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി റോണി ജോസഫ് തോമസിന് ആദ്യപ്രതി നൽകിക്കൊണ്ടാണ് പ്രകാശനം നിർവഹിച്ചത്. റബ്ബർബോർഡിന്റെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ആണ് പുസ്തകം തയ്യാറാക്കിയത്. വില ആയിരം രൂപ.

---





ത്തിൽ ആദ്യമായാണ്. നടീൽവസ്തുക്കൾ ഗുവാഹത്തിയിൽ നിന്ന് മേഘാലയ, നാഗാലാൻഡ്, അരുണാചൽ പ്രദേശ് എന്നിവിടങ്ങളിലേക്ക് അടിയന്തരമായി നടുന്നതിന് അയയ്ക്കുകയും ചെയ്തു. പദ്ധതിയുടെ കീഴിൽ വിവിധ ക്ലസ്റ്ററുകളിൽ തിരഞ്ഞെടുക്കപ്പെട്ടതും ഗ്രൂപ്പു ചെയ്തതുമായ ചെറുകിട/നാമമാത്ര കർഷകർക്കാണ് ഇവ സൗജന്യമായി വിതരണം ചെയ്തത്. മുളപ്പിച്ച സ്റ്റമ്പുകൾ ബോർഡിന്റെ നഴ്സറികളിൽ കൂടത്തൈകളുണ്ടാക്കാൻ ഉപയോഗിക്കുന്നു, അത് പിന്നീട് ഗുണഭോക്താക്കൾക്ക് കൈമാറും. റബ്ബറുത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതോടൊപ്പം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ചെറുകിടനാമമാത്ര കർഷകർക്ക് സുസ്ഥിരവരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യം കൂടി പദ്ധതിയുടെ രൂപീകരണത്തിനു പിന്നിലുണ്ട്. അസമിലെത്തിയ കപ്പുതൈകൾ നാഗാലാൻഡ്, മേഘാലയ, അരുണാചൽപ്രദേശ്, എന്നീ സംസ്ഥാനങ്ങളിലേക്ക് റോഡുമാർഗം കയറ്റിയയച്ചു. ശ്രമകരമായ ഈ ദൗത്യത്തിനു പിന്നിൽ റബ്ബർബോർഡിന്റെ കേരളത്തിലെ വിവിധ മേഖലകളിലുള്ള ഓഫീസുകളിലെയും, റബ്ബർ ബോർഡ് കമ്പനികളിലെയും റബ്ബർബോർഡിന്റെ നഴ്സറികളിലെയും ഉദ്യോഗസ്ഥരും കേരളത്തിലെ സ്വകാര്യ നഴ്സറി സംരംഭകരും വഹിച്ച പങ്ക് നിസ്തുലമാണ്.

വടക്കുകിഴക്കൻ മേഖലയിലെ ഇതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത് റബ്ബർബോർഡിന്റെ ഗുവഹത്തി സോണൽ ഓഫീസും മറ്റു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ഓഫീസുകളുമാണ്. പദ്ധതിയുടെ ഭാഗമായി സൗജന്യമായി ലഭിച്ച റബ്ബർ തൈകൾ ഗുണഭോക്താക്കൾ തികഞ്ഞ ആത്മസംതൃപ്തിയോടെയാണ് ഏറ്റുവാങ്ങിയത്. പ്രകൃതിദുരന്തങ്ങളും പ്രതികൂല സാഹചര്യങ്ങളും പലപ്പോഴും തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും. 'സുസ്ഥിര വരുമാന' മെന്ന ലക്ഷ്യം റബ്ബർ കൃഷിചെയ്യാൻ അവരെ മുന്നോട്ട് നയിക്കുന്നു. തൈകൾ തങ്ങളുടെ കൃഷിയിടങ്ങളിൽ നടുമ്പോൾ ചില കർഷകർ അനുവർത്തിച്ച പരമ്പരാഗതശൈലികൾ കൗതുകകരവും ഹൃദ്യവുമായിരുന്നു. •





ഡോ.വിനോദ് തോമസ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# റബ്ബറിന്റെ ഇലമടക്കി കാറ്റിനു വഴിയൊരുക്കാം

**റബ്ബർതൈകൾ നന്നായി വളരുന്നതിനും അവയ്ക്ക് കാറ്റിനെ പ്രതിരോധിക്കാനുള്ള കഴിവ് ഉണ്ടാകുന്നതിനും, ആവശ്യമായ ഉയരത്തിൽ ശിഖരങ്ങൾ ഉണ്ടായിരിക്കണം. മരങ്ങളിൽ ശരിയായവിധം ശാഖാവിന്യാസം എങ്ങനെയുണ്ടാക്കാം എന്ന് ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

റബ്ബർതോട്ടങ്ങളെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് കാറ്റു മൂലമുള്ള കെടുതികൾ. ശക്തമായ മഴയും അകമ്പടിയായി കാറ്റുമടിക്കുന്ന വേളയിൽ റബ്ബർമരങ്ങൾക്ക് സാരമായ നാശനഷ്ടങ്ങൾ ഓരോ കാലവർഷക്കാലത്തും ഉണ്ടാകാറുണ്ട്. മരങ്ങൾ കടപുഴകി മറിഞ്ഞുപോകുക, തായ്തടിയേയും ചില്ലകളേയും പിടിച്ചുലച്ചുകൊണ്ട് അവയെ ഒടിച്ചു കളയുക തുടങ്ങിയവയെല്ലാം ഉത്പാദനത്തെ സാരമായി ബാധിക്കുന്ന കാര്യങ്ങളാണ്. നാശനഷ്ടങ്ങൾ വ്യാപകമെങ്കിൽ തോട്ടത്തിലെ മരങ്ങളത്രയും മുറിച്ചുകളഞ്ഞ് ആവർത്തനക്കൃഷി ചെയ്യേണ്ട വിഷമസന്ധിയിലേക്ക് കർഷകർ എത്തിച്ചേരേണ്ടി വരാറുണ്ട്. ഓരോ റബ്ബർമരവും വളർത്തിയെടുക്കുന്നതിനുവേണ്ടി ചെലവിടുന്നത് ഗണ്യമായ തുകയായതിനാൽ കാറ്റുമൂലം ഏതാനും മരങ്ങൾ നഷ്ടപ്പെട്ടാൽ പോലും അത് കർഷകർക്ക്, പ്രത്യേകിച്ച് റബ്ബർ മുഖ്യവരുമാനമാർഗമായിട്ടുള്ള ചെറുകിടകർഷകർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കും.

വണ്ണമെത്തിയവയോ ചെറുതൈകളോ എന്ന ഭേദമില്ലാതെ ഏതുപ്രായത്തിലും ഏതിനത്തിലുമുള്ള ചെടികളും കാറ്റിന്റെ ശല്യത്തിനു വിധേയമാകാറുണ്ട്. നല്ല ഉത്പാദനശേഷിയും മറ്റു ഗുണഗണങ്ങളുമുള്ള പല റബ്ബറിനങ്ങളും കാറ്റിന്റെ കെടുതികൾക്ക് വേഗം വിധേയമാകുന്നു എന്ന കാരണത്താൽമാത്രം പല റബ്ബറുത്പാദകരാജ്യങ്ങളിലും നടീലിനായി ശുപാർശ ചെയ്യാറില്ല.





തായ്തടിയുടെ വളർച്ച മുരടിച്ച് 'V' ആകൃതിയിൽ ശാഖകൾ ഉണ്ടാകുന്നതും വളഞ്ഞ തായ്തടിയിൽ നിന്നും നേരേമുകളിലേക്കു ശാഖ വളരുന്നതും ഉയരത്തിൽ വളർന്ന മരത്തിന്റെ അഗ്രഭാഗത്തു മാത്രം ശാഖകൾ ഉണ്ടാകുന്നതും മരത്തിന്റെ ഒരു വശത്തുമാത്രം ശാഖകൾ ഉള്ളതുമൊക്കെ മരത്തിന്റെ സന്തുലനാവസ്ഥ ഇല്ലാതാക്കുകയും കാറ്റത്ത് ഒടിഞ്ഞോ മറിഞ്ഞോ വീഴാനുള്ള സാധ്യത കൂട്ടുകയും ചെയ്യും. നിനച്ചിരിക്കാതെയെത്തുന്ന ഈ കെടുതിയെ ഒരളവുവരെ ഒഴിവാക്കാനാകുന്ന വിധത്തിലുള്ള മേൽനടപടികൾ യഥാസമയം കൈക്കൊള്ളേണ്ടതാണ്. ശാഖകളുടെ ക്രമീകരണത്തിലൂടെ ഇലച്ചിലിന്റെ ഭാരം കുറച്ച് സന്തുലിതമായി വളർത്തിയെടുക്കുകയാണെങ്കിൽ നല്ലൊരളവുവരെ കാറ്റിന്റെ കെടുതികളിൽ നിന്ന് മരത്തെ സംരക്ഷിക്കാനാകും. ഇതിന് തൈകളെ ചെറുപ്രായം മുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

റബ്ബർതൈ നട്ട് എട്ടടി ഉയരം വയ്ക്കുന്നതു വരെ ഉണ്ടാകുന്ന പാർശ്വമുകുളങ്ങൾ ശാഖകളായി വളരാൻ അനുവദിക്കാതെ തണ്ടിൽ നിന്ന് ഒരിഞ്ച് അകലത്തിൽവച്ചു നുള്ളിക്കളയണം. തുടർന്ന് 4-5 ശാഖകളെ ക്രമീകൃതമായി വിവിധദിശകളിലേക്കും ഉയരത്തിലും വളരുവാൻ അനുവദിച്ചുകൊണ്ട് നല്ലൊരു ശാഖാപടലം വികസിപ്പിച്ചെടുക്കണം. 10-12 അടിയോളം വളർന്നിട്ടും ശാഖകൾ ഉണ്ടാകാത്ത തൈകളിൽ അഗ്രമുകുളത്തിന്റെ വളർച്ചയെ താൽക്കാലികമായി തടഞ്ഞുകൊണ്ട് ശാഖകളെ ജനിപ്പിക്കാവുന്നതാണ്. ഇതിനായി ഇലമടക്കൽ, ഇലത്തൊപ്പി എന്നീ ലളിതമായ മാർഗ്ഗങ്ങളിലേതെങ്കിലുമൊന്ന് അവലംബിച്ച് പാർശ്വശാഖകളെ കിളിർപ്പിക്കാം. അഗ്രഭാഗത്തെ ഇലകൾ പൂർണ്ണവളർച്ചയെത്തിയ തൈകളിലും അഗ്രമുകുളം രണ്ടു സെന്റിമീറ്റർ താഴെ മാത്രം വളർന്നു നിൽക്കുന്ന തൈകളിലും ഇലമടക്കൽ രീതിയാണ് ഉത്തമം. ഇതിനായി തൈകൾ ചെറിയ തോട്ടിയോ മറ്റോ ഉപയോഗിച്ച് പതുക്കെ ചായിച്ചു പിടിച്ച് അഗ്രഭാഗത്തെ മൂപ്പെത്തിയ നാലഞ്ച് ഇലകൾ മുകളിലേയ്ക്കു കോതിയെടുത്ത് അഗ്രമുകുളം പൂർണ്ണമായും മൂടിയിരിക്കത്തക്കവിധത്തിൽ, എന്നാൽ ഇലകൾ ഒടിഞ്ഞു പോകാതെ ചുരുട്ടി (ഇലമടക്കൽ) റബ്ബർബാൻഡ് ഇട്ടുകൊണ്ട് ഉറപ്പിക്കുക. അഗ്രമുകുളം വളർന്നു തുടങ്ങിയ തൈകളിൽ താഴെ തട്ടിൽ നിന്നു മൂപ്പെത്തിയ മൂന്ന് ഇലകൾ അടർത്തിയെടുത്ത് മടക്കി ഒരു തൊപ്പിയുണ്ടാക്കി വളർന്നുകൊണ്ടിരിക്കുന്ന മുകുളത്തിനു മുകളിലായി വച്ചിട്ട് (ഇലത്തൊപ്പി) റബ്ബർബാൻഡ് ചുറ്റുമായിട്ട് ഉറപ്പിക്കാം. ഒരേ പോലെ പരിചരണം ലഭിക്കുന്ന തൈകളിലും അഗ്രമുകുളത്തിന്റെ വളർച്ചനിരക്ക് വ്യത്യാസമുള്ളതുകൊണ്ട് മേൽ വിവരിച്ച രണ്ടു രീതികളും ഒരേ തോട്ടത്തിലെ തൈകളിൽ പ്രാവർത്തികമാക്കാം.

രണ്ടുമൂന്ന് ആഴ്ച കഴിയുമ്പോൾ റബ്ബർബാൻഡ് അഴിച്ചുമാറ്റി അഗ്രമുകുളത്തിന്റെ തുടർവളർച്ച സാധ്യമാക്കണം. ഇലകൾ അഴിച്ചു വിടുമ്പോൾ മുഖ്യശാഖ വളഞ്ഞുതിരിഞ്ഞ് ഇരിക്കുമെങ്കിലും ക്രമേണ നിവർന്ന് വളർന്നുകൊള്ളും. അഗ്രമുകുളത്തിന്റെ വളർച്ച താൽക്കാലികമായി തടഞ്ഞതിന്റെ ഭാഗമായുണ്ടായ പാർശ്വമുകുളങ്ങളിൽ നിന്ന് ആരോഗ്യമുള്ളതും സന്തുലിതസ്ഥാനങ്ങളിൽ വളർന്നിരിക്കുന്നതുമായ മൂന്നു നാലെണ്ണം നിർത്തിയിട്ട് ബാക്കി നുള്ളിക്കളയണം. ഇത്തരം പുതിയ നാമ്പുകൾക്ക് യഥാസമയം രോഗപ്രതിരോധനടപടി സ്വീകരിക്കുകയും വേണം.

യഥാസമയം റബ്ബർബാൻഡ് അഴിച്ചു മാറ്റാൻ മറക്കരുത്. അല്ലാത്ത പക്ഷം പാർശ്വമുകുളങ്ങൾ വളഞ്ഞും തിരിഞ്ഞും വളർന്ന് മടക്കിവച്ചിരിക്കുന്ന ഇലകൾക്കിടയിലൂടെ പുറത്തുവരികയും അത് അഗ്രമുകുളത്തിന്റെ വളർച്ചയെ മുരടിപ്പിക്കുന്നതായും കാണുന്നു. ഇത്തരം മരങ്ങൾക്ക് വളർച്ചയും കാറ്റിനെ ചെറുക്കാനുള്ള കഴിവും കുറയും.



മുഖ്യശാഖയ്ക്കു പ്രാമുഖ്യം നൽകി വ്യത്യസ്ത ഉയരത്തിൽ എല്ലാ ദിശകളിലേക്കും ശാഖകൾ വളർത്തിയെടുക്കുന്ന പക്ഷം സന്തുലിതവും ക്രമീകൃതവുമായൊരു ശാഖാ പടലം വളർത്തിയെടുക്കാം. ഉയരമെത്തിയിട്ടും ശാഖകൾ ഉണ്ടാകാത്ത തൈകളുടെ അഗ്രഭാഗം മുറിച്ചു കളയുന്ന അശാസ്ത്രീയമായ രീതി അവലംബിക്കുന്നതിലൂടെ ഇത്തരം തൈകളിൽ പിൽക്കാലത്ത് നല്ല രീതിയിലുള്ള തായ്തടി ഇല്ലാതെ വളരുകയും തൽഫലമായി തടിക്കു ലഭിക്കുന്ന വില കുറഞ്ഞുപോകാനും ഇടവരും. തായ്തടിയില്ലാതെ ഒരു സ്ഥാനത്തുനിന്നു വളർന്നുവരുന്ന ശിഖരങ്ങൾ മുകളിലേക്കു വളരുകയും ഇലച്ചിലിന്റെ ഭാരം കൂടുതലായിരിക്കുമെന്നതിനാൽ കാറ്റടിച്ച് ഉലയുമ്പോൾ ഏതെങ്കിലുമൊക്കെ ശാഖകൾ ചീന്തിപ്പോകുവാനും ഇടവരും. ഒരു കവരയിൽ നിന്ന് ഒന്നിലേറെ ശാഖകൾ വളർന്നു നിൽക്കുന്നതിനാൽ ചീക്കുരോഗസാധ്യത കൂടുകയും ചെയ്യും. ചെറുപ്രായത്തിൽ കാറ്റടിച്ചു വളഞ്ഞുകിടക്കുന്ന തൈകൾ നിവർത്തിക്കെട്ടിയതിനുശേഷം മാത്രമേ ശാഖകൾ ഉണ്ടാക്കാൻ തുനിയാവൂ. ഇടവിള കൃഷിചെയ്തിരിക്കുന്ന തോട്ടങ്ങളിലെ അമിതവളപ്രയോഗം റബ്ബർതൈകളുടെ വളർച്ചയെ വികലമാക്കുന്നുവെങ്കിൽ ശാഖകൾ ക്രമീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായുണ്ട്. ഇലമടക്കൽ രീതിയിൽ ദളങ്ങൾ വേണ്ട വിധം മടക്കിവയ്ക്കാതെ ഇലത്തണ്ടു മാത്രം ചേർത്തുവെച്ച് റബ്ബർ ബാൻഡിട്ട് ഉറപ്പിക്കുകയാണെങ്കിൽ പ്രതീക്ഷിക്കുന്ന ഫലം കിട്ടണമെന്നില്ല. ഇനങ്ങൾക്കനുസരിച്ച് ഇലത്തട്ടിന്റെ കനം, ആകൃതി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

പൊക്കം കൂടിയ മരങ്ങളിൽ ശാഖകൾ ക്രമീകൃതമല്ലാതെ വളരുന്ന സന്ദർഭങ്ങളിലാണ് കാറ്റിന്റെ ശല്യം കൂടുതലായി ശ്രദ്ധിക്കപ്പെട്ടിട്ടുള്ളത്. ഇത്തരം ശാഖകളെ മുറിച്ചു നിർത്തിക്കൊണ്ട് മുൻകരുതലുകൾ സ്വീകരിക്കാവുന്നതാണ്. മഴ അധികമില്ലാത്ത എന്നാൽ മണ്ണിനു ആവശ്യത്തിനു ഈർപ്പമുള്ളപ്പോൾ ഇലമടക്കലിലൂടെ പുതിയ ശാഖകൾ ഉണ്ടാക്കാൻ യോജിച്ച സമയമാണ്.

തായ്തടി ഒടിയുന്നതുമൂലമുള്ള കെടുതികൾ ഒഴിവാക്കാൻ ബലമേറിയ തായ്തടിയുള്ള ഇനങ്ങൾ നടീൽവസ്തുവായി ഉപയോഗിക്കുക എന്നതാണ് ഏറ്റവും ഉചിതമായ മാർഗ്ഗം. ആർആർഐഐ 400 പരമ്പരയിൽപ്പെട്ട ആർആർഐഐ 414, ആർആർഐഐ 417, ആർആർഐഐ 422, ആർആർഐഐ 430 എന്നീ ഇനങ്ങൾക്കു താരതമ്യേന നേരേ വളരുന്ന തായ്തടിയാണുള്ളത്. ഈ ഇനങ്ങൾക്കു കാറ്റിനെ ചെറുത്തു നിൽക്കാൻ സാമാന്യം കഴിവുണ്ടെന്നാണ് കർഷകരുടെയും അനുഭവസാക്ഷ്യം. •

## കോൾസെന്റർ - 'ഫോൺ ഇൻ' പരിപാടികൾ



1) **നിയന്ത്രിത കമിഴ്ത്തിവെട്ട്**
റബ്ബർമരങ്ങളിലെ നിയന്ത്രിത കമിഴ്ത്തിവെട്ടുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2021 ഒക്ടോബർ 20-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇൻഡ്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ഡോ. ആർ. രാജഗോപാൽ മറുപടി പറയും.

2) **നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർട്രെയിനിംഗ് നടത്തുന്ന പരിശീലന പരിപാടികൾ**
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർട്രെയിനിംഗ് നടത്തുന്ന വിവിധ പരിശീലന പരിപാടികളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് 2021 ഒക്ടോബർ 27-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഡോ. ആലീസ് ജോൺ, സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് NIRT മറുപടി പറയും.

3) **റബ്ബർബോർഡിന്റെ കേന്ദ്ര ലബോറട്ടറിയുടെ സേവനങ്ങൾ**
റബ്ബർബോർഡിന്റെ കേന്ദ്ര ലബോറട്ടറിയുടെ സേവനങ്ങളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 2021 നവംബർ 3-ാം തീയതി ബുധനാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കേന്ദ്ര ലബോറട്ടറിയുടെ ചാർജ് വഹിക്കുന്ന സീനിയർ സയന്റിസ്റ്റ് സതീശ് ബാബു പി. എസ്. മറുപടി പറയും.





ടി. പി. രാധാകൃഷ്ണൻ
ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻ കമ്മിഷണർ



ജസ്റ്റിൻ സി. എം.
ഡെവലപ്മെന്റ് ഓഫീസർ

# ഔഷധക്കൃഷിയുമായി കരുളായി സംഘം

**കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി ചേർന്ന് കരുളായി റബ്ബറുത്പാദകസംഘം റബ്ബർതോട്ടത്തിൽ ഇടവിളയായി ഔഷധസസ്യങ്ങൾ കൃഷിചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കിയിരിക്കുന്നു. ഔഷധക്കൃഷി പദ്ധതിയെയും പദ്ധതി സ്വന്തം തോട്ടത്തിൽ നടപ്പാക്കിയ മികച്ച കർഷകരിലൊരാളായ കരുളായി സംഘാംഗത്തെയും പരിചയപ്പെടാം.**

റബ്ബർബോർഡും കരുളായി റബ്ബറുത്പാദക സംഘവും കോട്ടയ്ക്കൽ ആര്യ വൈദ്യശാലയും ചേർന്ന് റബ്ബർതോട്ടത്തിൽ ഇടവിളയായി ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിക്ക് ധാരണയായി. ആര്യവൈദ്യശാല ഹെഡ് ഓഫീസിൽ നടന്ന ചടങ്ങിൽവെച്ച് സീനിയർ മാനേജർ (മെറ്റീരിയൽസ്) ശൈലജ മാധവൻ കുട്ടി കോട്ടയ്ക്കൽ ആര്യവൈദ്യശാലയ്ക്കു വേണ്ടി ധാരണാപത്രത്തിൽ ഒപ്പുവെച്ചു. നിലമ്പൂർ റീജിയണൽ ഓഫീസിന്റെ പരിധിയിൽ വരുന്ന കരുളായി റബ്ബറുത്പാദകസംഘവുമായി ബന്ധപ്പെട്ട കർഷകരുടെ തോട്ടങ്ങളിലാണ് ഇടവിളയായി ഔഷധക്കൃഷി ചെയ്യാൻ ധാരണയായിട്ടുള്ളത്.

കഴിഞ്ഞവർഷം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. എൻ. രാഘവൻ മുൻകൈ എടുത്ത് റബ്ബർതോട്ടത്തിൽ ഇടവിളയായി ഔഷധസസ്യങ്ങൾ കൃഷി ചെയ്യുന്നതിന് കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു. കരുളായി റബ്ബറുത്പാദകസംഘം കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി സഹകരിച്ച് നടപ്പാക്കുന്ന ഈ പദ്ധതിപ്രകാരം ഔഷധസസ്യങ്ങൾ കൃഷിചെയ്യാൻ ആദ്യം തയ്യാറായ കർഷകനാണ് അബ്ദുൾ കബീർ. പദ്ധതിയിൽ തൽപരനായ അബ്ദുൾ കബീർ റബ്ബർ ബോർഡ് ഉദ്യോഗസ്ഥരോടൊപ്പം കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ പ്രദർശനത്തോട്ടത്തിലേക്ക് ഒരു പഠനയാത്ര നടത്തുകയും കൃഷിരീതികളെക്കുറിച്ച് വിശദമായി പഠിക്കുകയും ചെയ്തു. തുടർന്ന് കരുളായി


ധാരണാപത്രം കൈമാറുന്നു


കബീർ (ഇടത്തേയറ്റം), കരുളായി സംഘം വൈസ്പ്രസിഡന്റ് എൻ. മുഹമ്മദ് എന്നിവർ ലേഖകർക്കൊപ്പം

ക്കടുത്ത് നെടുങ്കയം ഫോറസ്റ്റിനോടു ചേർന്ന് ശങ്കരൻകോട് എന്ന സ്ഥലത്തുള്ള തന്റെ റബ്ബർതോട്ടത്തിൽ ഇടവിളയായി അരയേക്കർ വീതം സ്ഥലത്ത് ആടലോടകവും കരിങ്കുറിഞ്ഞിയും വെച്ചുപിടിപ്പിച്ചു. അദ്ദേഹത്തിന്റെ 2020-ൽ കൃഷിചെയ്ത റബ്ബർതോട്ടത്തിലാണ് ഈ ഔഷധസസ്യങ്ങൾ നട്ടിരിക്കുന്നത്. അബ്ദുൾ കബീർ കരുളായി റബ്ബറുത്പാദകസംഘത്തിലെ ഒരു സജീവ അംഗം കൂടിയാണ്. നാലുവശത്തും വനത്താൽ ചുറ്റപ്പെട്ട ഒരു പ്രദേശമാണിത്. ഇവിടുത്തെ കൃഷി ഒരു സാഹസം തന്നെയാണ്. സന്ധ്യയാകുന്നതോടുകൂടി വന്യമൃഗങ്ങൾ വിലസുന്ന മേഖലയാണ് നെടുങ്കയവും അനുബന്ധമേഖലകളും. കബീറിന്റെ ടാപ്പുചെയ്യുന്ന തോട്ടവും 2020-ൽ കൃഷിചെയ്ത തോട്ടവും സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന വേലിയുടെ പരിരക്ഷയിലാണ്.

ഏകദേശം നൂറുവർഷംമുമ്പ് ബ്രിട്ടീഷ് ഭരണകാലത്താണ് വിവിധ കർഷകർക്ക് കരമൊഴിവായി ഇവിടെ 126.5 ഏക്കർ സ്ഥലം വിതരണം ചെയ്തത്. ഒരുകാലത്ത് കരുളായി പ്രദേശത്തിന്റെ നെല്ലറ എന്ന പേരിൽ പ്രസിദ്ധമായ ഈ സ്ഥലം ക്രമേണ തരിശുപ്രദേശമാകാൻ തുടങ്ങി. ജലദൗർലഭ്യവും പണിക്കാരെ കിട്ടുവാനുള്ള ബുദ്ധിമുട്ടുമാണ് ഇതിനു കാരണം. ആദ്യകാലങ്ങളിൽ അബ്ദുൾ കബീറിന്റെ പിതാവും സഹോദരങ്ങളും ഇവിടെ അതിസാഹസികമായി നെൽകൃഷി ചെയ്ത് നല്ലവിളവ് എടുത്തിട്ടുണ്ട്. വർഷങ്ങൾക്കുശേഷം ജലദൗർലഭ്യം അനുഭവപ്പെട്ടപ്പോൾ മെല്ലെ റബ്ബർകൃഷിയിലേക്ക് തിരിഞ്ഞു. ഇവിടെ കബീറിന്റെ സഹോദരങ്ങളുടെ അടക്കം 10 ഏക്കർ സ്ഥലത്താണ് ടാപ്പുചെയ്യുന്ന റബ്ബർ ഉള്ളത്. ചെറിയരീതിയിൽ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലമുണ്ടെങ്കിൽ ചാലു കീറി വെള്ളം ഒഴിവാക്കിക്കൊടുക്കുന്നു. മൂന്ന് ദിവസത്തിൽ ഒരിക്കൽ ആണ് ടാപ്പിങ്. അടുത്തകാലത്ത് അബ്ദുൾ കബീറിന്റെ നേതൃത്വത്തിലുള്ള പാടശേഖരസമിതി മുൻകൈയ്യെടുത്ത് തരിശുനിലത്തിൽപെട്ട അഞ്ചേക്കർ സ്ഥലത്ത് ഇപ്പോൾ നെൽകൃഷി നടത്തിയിട്ടുണ്ട്. കരുളായി പഞ്ചായത്തിന്റെ മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിയുടെ സഹായത്തോടുകൂടി 1300 തൊഴിൽദിനങ്ങൾ ഉപയോഗിച്ചാണ് ഇത് നടപ്പിലാക്കിയത്. കഠിനാദ്ധ്വാനിയായ അബ്ദുൾ കബീറിന്റെ പ്രവർത്തനങ്ങൾ മൂലം ഈ പ്രദേശത്തെ തന്നെ കാർഷികപ്രവർത്തനങ്ങൾക്ക് ഒരു പുത്തൻ ഉണർവ്വ് ലഭിച്ചിട്ടുണ്ട്.

നിലമ്പൂർ റീജിയണൽ ഓഫീസിന്റെ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ ഔഷധക്കൃഷി പ്രചരിപ്പിക്കുന്നതിന് കാംപെയ്ൻ 2021 ന്റെ ഭാഗമായി നടന്ന യോഗങ്ങൾ ഉപയോഗപ്പെടുത്തി, ഔഷധക്കൃഷിയിൽ താൽപര്യമുള്ള കർഷകരെ ഡിസംബർ 31-നകം പദ്ധതിയിൽ ഉൾപെടുത്താനാണ് ശ്രമം. ഈ കർഷകർക്ക് ആര്യവൈദ്യശാലയുടെ തോട്ടത്തിലേക്ക് ഒരു പഠനയാത്ര നടത്തുന്നതിനുള്ള ക്രമീകരണങ്ങളും റീജിയണൽ ഓഫീസിൽ നിന്ന് ചെയ്യുന്നുണ്ട്. 2020-ൽ റബ്ബർകൃഷി ചെയ്ത കർഷകർക്ക് ഔഷധക്കൃഷിക്കാവശ്യമായ നടീൽവസ്തുക്കൾ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. അതോടൊപ്പം കേരളസർക്കാരിന്റെ കീഴിലുള്ള മെഡിസിനൽ പ്ളാന്റ് ബോർഡിന്റെ ധനസഹായം അർഹരായ കർഷകർക്ക് ലഭിക്കുന്നതിനുവേണ്ട നടപടികളും ബോർഡ് എടുത്തുവരുന്നു.

റബ്ബർതോട്ടങ്ങളിൽ ഇടവിളയായി ഔഷധക്കൃഷി ചെയ്യുന്നതിനുള്ള കരാറിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയും നിലമ്പൂർ റീജിയണൽ ഓഫീസും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. കരാർപ്രകാരം കൃഷിചെയ്യാൻ ഉപയോഗിക്കുന്ന തൈകൾ സൗജന്യമായി ആര്യവൈദ്യശാലയിൽനിന്ന് ലഭിക്കും. കൃഷിയുടെ എല്ലാ ഘട്ടത്തിലും സാങ്കേതികവിദഗ്ധരുടെ ഉപദേശങ്ങളും ലഭ്യമാകും. വളർച്ചയെത്തി വിളവെടുക്കാൻ പ്രായമാകുമ്പോൾ കരാർ പ്രകാരം നിശ്ചിത വില നൽകി ഉത്പന്നം തിരികെയെടുക്കാൻ ധാരണയുള്ളതിനാൽ കർഷകർക്ക് വിപണിയെപ്പറ്റിയുള്ള ആശങ്ക ഒഴിവാക്കാനാകും. റബ്ബർകൃഷിയുടെ അപക്വകാലഘട്ടത്തിൽ കാര്യമായ ഒരു വരുമാനവും ആകും. പദ്ധതി പ്രകാരം തുടക്കത്തിൽ ആടലോടകം, കരിംകുറിഞ്ഞി, ഇരുവേലി, കുറുന്തോട്ടി, ഓരില, മൂവില, തെച്ചി തുടങ്ങിയ ഔഷധസസ്യങ്ങൾ നടാനാണ് പ്രോത്സാഹനം നൽകുന്നത്. കർഷകന് വരുമാനവും അതോടൊപ്പം ആയുർവ്വേദ നിർമ്മാണത്തിന് ഗുണമേന്മയുള്ള സസ്യങ്ങൾ യഥാസമയം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാല ഔഷധക്കൃഷിക്കുള്ള പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. •







പ്രദീപ് ബി.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

ഡോ. ജെയിംസ് ജേക്കബ്
ഡയറക്ടർ (റിട്ട), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# റബ്ബർകൃഷിയിലുള്ള താൽപര്യം കേരളത്തിൽ കുറഞ്ഞിട്ടില്ല

2012 മുതൽ റബ്ബർവിലയിൽ ഉണ്ടായ വിലയിടിവും, വർധിച്ചുവരുന്ന ഉത്പാദനച്ചെലവും പലകാരണങ്ങളാൽ കുറഞ്ഞുവരുന്ന ഉത്പാദനക്ഷമയും നല്ല ടാപ്പർമാരുടെ അഭാവവും മറ്റും കേരളത്തിലെ റബ്ബർകൃഷിയെ ഒരു വലിയ പ്രതിസന്ധിയിലാക്കിയിരിന്നു. ഏകദേശം 25–30 ശതമാനംവരെ തോട്ടങ്ങൾ ടാപ്പുചെയ്യാതെ കിടന്നിരുന്ന ഒരു അവസ്ഥ അടുത്തകാലത്തുണ്ടായി. റബ്ബർകൃഷിയുടെ ഒരു നൂറ്റാണ്ടിലേറെയുള്ള ചരിത്രത്തിൽതന്നെ ഇങ്ങനെ സംഭവിക്കുന്നത് ആദ്യമായിരിക്കാം. കേരളസർക്കാർ ചെറുകിടകർഷകർക്കായി നടപ്പാക്കിവരുന്ന റബ്ബറുത്പാദനപ്രോത്സാഹനപദ്ധതി പ്രകാരം ആദ്യം ഒരുകിലോ റബ്ബറിന് 150 രൂപയും പിന്നീടത് 170 രൂപയും ഉറപ്പാക്കിയത് ഏറെ ആശ്വാസം പകർന്നിരുന്നു.

**പട്ടിക 1. ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെ 2005-2019 കാലയളവിൽ കേരളത്തിലെയും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെയും റബ്ബർകൃഷിയുടെ വിസ്തൃതിയിൽ വന്ന മാറ്റത്തിന്റെ കണക്ക് (തോട്ടങ്ങളുടെ പ്രായം മൂന്നുവർഷത്തെ കൂടുതൽ). ബ്രാക്കറ്റിൽ ശരാശരി വളർച്ചനിരക്ക്.**

| | ജില്ലകൾ | റബ്ബർകൃഷി വിസ്തൃതി | | |
|---|---|---|---|---|
| | | 2005-2006 | 2012-2013 | 2019-2020 |
| 1 | തിരുവനന്തപുരം | 27527 | 27657 (+0.5 %) | 40078 (+44.9 %) |
| 2 | കൊല്ലം | 37272 | 38998 (+4.6 %) | 46935 (+20.4 %) |
| 3 | പത്തനംതിട്ട | 51766 | 53718 (+3.8 %) | 54468 (+1.4 %) |
| 4 | ആലപ്പുഴ | 5771 | 6792 (+17.8 %) | 8490 (+25 %) |
| 5 | കോട്ടയം | 106793 | 110724 (+3.7 %) | 107708 (+2.7 %) |
| 6 | ഇടുക്കി | 37103 | 40274 (+8.5 %) | 37806 (+6.1 %) |
| 7 | എറണാകുളം | 56654 | 63623 (+12.3 %) | 63073 (+0.9 %) |
| 8 | തൃശൂർ | 13927 | 15734 (+13.0 %) | 21045 (+33.8 %) |
| 9 | പാലക്കാട് | 28421 | 32119 (+13.0 %) | 40308 (+25.5 %) |
| 10 | മലപ്പുറം | 36634 | 38835 (+6.0 %) | 47115 (+21.3 %) |
| 11 | കോഴിക്കോട് | 18752 | 20895 (+11.4 %) | 23085 (+10.5 %) |
| 12 | വയനാട് | 8977 | 7567 (+15.7 %) | 9534 (+26.0 %) |
| 13 | കണ്ണൂർ | 49477 | 54292 (+9.7 %) | 55953 (+3.1 %) |
| 14 | കാസർഗോഡ് | 20053 | 25424 (+26.8 %) | 28894 (+13.7 %) |
| | **കേരളത്തിൽ മൊത്തം** | **499127** | **536652 (+7.5 %)** | **584492 (+8.9 %)** |
| 15 | കന്യാകുമാരി (തമിഴ്നാട്) | 21948 (+5.6 %) | 21933 (+0.1 %) | 21933 (+0.1 %) |
| | **ആകെ** | **519909** | **558600 (+7.4 %)** | **606425 (+8.6 %)** |

കോവിഡ് -19 മഹാമാരി റബ്ബർപ്രതിസന്ധിയുടെ ആക്കം കൂട്ടുമെന്ന് ന്യായമായും ഭയപ്പെട്ടിരുന്നെങ്കിലും റബ്ബർ വിലയിൽ ഇപ്പോൾ വന്നിട്ടുള്ള വർദ്ധനയും ഒപ്പം റബ്ബർ ബോർഡിന്റെ കാർഷികവികസനപ്രവർത്തനങ്ങളിൽ അടുത്തിടെ ഉണ്ടായ പുതിയ ഉണർവും കർഷകർക്ക് ഏറെ പ്രതീക്ഷ നൽകുന്നു. റബ്ബർകൃഷിയിലെ പ്രതിസന്ധിമൂലം തോട്ടങ്ങൾ ടാപ്പുചെയ്യാതെയിടുക മാത്രമല്ല, റബ്ബർകർഷകർ മറ്റു കൃഷികളിലേക്ക് വലിയതോതിൽ മാറുകയാണെന്നും പല റിപ്പോർട്ടുകൾ വന്നിരുന്നു. വളരെ ചുരുക്കം ചിലയിടങ്ങളിൽ അങ്ങനെ സംഭവിച്ചത് വലിയ വാർത്താപ്രാധാന്യം നേടിയത് റബ്ബർതോട്ടങ്ങൾ വലിയതോതിൽ മറ്റുകാര്യങ്ങൾക്കായി മാറി എന്ന ധാരണപരക്കാൻ ഇടയായി. ടാപ്പുചെയ്യാതെ ഉപേക്ഷിക്കപെട്ടു കിടന്ന തോട്ടങ്ങൾ നാട്ടിൻപുറങ്ങളിൽ സ്ഥിരം കാഴ്ച ആയിരുന്നതും കാര്യങ്ങൾ അതെ ദിശയിലേക്കാണ് പോകുന്നതെന്നത് സംശയത്തിന് ആക്കം കൂട്ടുകയും ചെയ്തു.

2005 മുതൽ 2019 വരെയുള്ള കാലഘട്ടത്തിന്റെ ആദ്യപകുതിയിൽ റബ്ബർവിലയിൽ ഉണ്ടായതു റെക്കാർഡ് വർധനവായിരുന്നു. 2012 നുശേഷം ഇത് ഇടിയുകയും വീണ്ടും 2016 മുതൽ അൽപം വർധിക്കുകയും ചെയ്തു. എങ്കിലും 2012 നു മുൻപ് ഉണ്ടായിരുന്ന ഉയർന്ന വിലയിലേക്ക് ഇനിയും വില എത്തിയിട്ടില്ല. മുൻകാലങ്ങളിൽ റബ്ബർവില പലപ്പോഴും താഴ്ന്നിട്ടുണ്ടെങ്കിലും ചുരുങ്ങിയ കാലംകൊണ്ട്, കൂടിയാൽ ഒന്നുരണ്ടു കൊല്ലത്തിനുള്ളിൽ പൂർവസ്ഥിതിയിൽ എത്തുകയും വിലയിലുള്ള വളർച്ച തുടരുകയുമായിരുന്നു പതിവ്. 2005-2012 കാലത്ത് വില കൂടിയപ്പോഴും 2012-2019 കാലത്ത് വിലകുറഞ്ഞപ്പോഴും കേരളത്തിലെ വിവിധ ജില്ലകളിലും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലും റബ്ബർകൃഷിയുടെ വ്യാപ്തിയിൽ വന്നമാറ്റങ്ങൾ എത്രയെന്നു മനസിലാക്കാൻ ഉപഗ്രഹസഹായത്തോടെ പഠനങ്ങൾ നടത്തി. പ്രസ്തുത പഠനത്തിൽനിന്നു മനസിലാക്കിയ വസ്തുതകളാണിവിടെ പ്രതിപാദിക്കുന്നത്.

പഠനത്തിന്റെ ആദ്യപകുതിയിൽ കേരളത്തിൽ ആകെ 37525 ഹെക്ടറും കന്യാകുമാരിജില്ലയിൽ ഏകദേശം 1166 ഹെക്ടറും റബ്ബർകൃഷി വ്യാപിച്ചു. ഈ കാലയളവിൽ ഏറ്റവുമധികം കൃഷി വ്യാപിച്ചത് എറണാകുളം, കണ്ണൂർ, കോട്ടയം, പാലക്കാട്, കാസർഗോഡ് ജില്ലകളിലായിരുന്നു (പട്ടിക 1). രണ്ടാംപകുതിയിലും കേരളത്തിൽ റബ്ബർകൃഷിയുടെ ആകെ വിസ്തൃതി 47840 ഹെക്ടർ കൂടുകയുണ്ടായി. ഇത് പ്രധാനമായും തെക്കും (തിരുവനന്തപുരം, കൊല്ലം) വടക്കും (തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ഉള്ള ജില്ലകളിലാണ് സംഭവിച്ചത്. പാലക്കാട് ജില്ലയിൽ കഴിഞ്ഞ പതിനഞ്ചുവർഷത്തിനിടയിൽ (2005 - 2019) റബ്ബർകൃഷിയുടെ വിസ്തൃതിയിൽ ഉള്ള വർദ്ധന ചിത്രം 1-ൽ കാണിച്ചിരിക്കുന്നത് കാണുക. കേരളത്തിൽ റബ്ബർകൃഷിയുടെ ഈറ്റില്ലവും വിസ്തൃതിയുടെ നല്ലൊരുഭാഗവും വരുന്ന മധ്യ കേരളത്തിലെ ജില്ലകളായ കോട്ടയം, ഇടുക്കി, എറണാകുളം എന്നിവിടങ്ങളിൽ കൃഷിയുടെ വ്യാപ്തി കുറയുകയും മധ്യകേരളത്തിലെതന്നെ മറ്റൊരു പ്രധാന ജില്ലയായ പത്തനംതിട്ടയിൽ നാമമാത്രമായി മാത്രം കൂടുകയും ചെയ്തു എന്ന് കാണാൻ കഴിയും (പട്ടിക 1). കന്യാകുമാരിജില്ലയിൽ പഠനകാലയളവിൽ കൃഷിവ്യാപ്തിയിൽ വലിയ വ്യത്യാസം ഉണ്ടായിട്ടില്ല.

മേൽപറഞ്ഞ ജില്ലകളിൽ വലിയതോതിൽ റബ്ബർകൃഷി വികസിക്കാൻ സ്ഥലപരിമിതി ഉണ്ട് എന്ന് നമുക്കറിയാം. എങ്കിലും ചില പ്രധാനജില്ലകളിൽ റബ്ബർകൃഷിയുടെ വ്യാപ്തി കുറഞ്ഞതായി കാണുന്നു. ഈ ജില്ലകളിലെ കർഷകർ റബ്ബർകൃഷിയിൽ ദീർഘകാലത്തെ പാരമ്പര്യം ഉള്ളവരും സാമ്പത്തികമായി പൊതുവെ മുന്നാക്കം നിൽക്കുന്നവരുമാണ്. ഒരുപക്ഷെ ഇത്തരം കർഷകർക്ക് കുടുംബത്തിൽ മറ്റു വരുമാനമാർഗങ്ങൾ ഉണ്ടായിരിക്കുകയും ഉപജീവനത്തിനായി റബ്ബറിൻമേലുള്ള അവരുടെ ആശ്രയം താരതമ്യേന കുറവായിരിക്കുമെന്നും വേണം മനസിലാക്കാൻ. ഇക്കൂട്ടർ തന്നെയാവും വില കുറഞ്ഞ കാലത്തു തങ്ങളുടെ തോട്ടങ്ങൾ ടാപ്പുചെയ്യാതെ ഇടട്ടതും. അങ്ങിനെയെങ്കിൽ ഈ പ്രദേശങ്ങളിൽ റബ്ബർതോട്ടങ്ങളുടെ ദത്തെടുക്കൽ (adoption) പദ്ധതിക്ക് സാധ്യത കൂടുതലുണ്ടാകും. റബ്ബർകൃഷി വ്യാപിച്ച ജില്ലകൾ താരതമ്യേന സാമ്പത്തികമായി അത്ര മുൻനിരയിൽ അല്ല എന്നു കാണാം. ഒരു പക്ഷെ ഈ പ്രദേശങ്ങളിൽ കർഷകർ കൂടുതലായി റബ്ബർകൃഷിയെ ആശ്രയിക്കുകയും ഭാവിയിലേക്ക് പ്രതീക്ഷ വയ്ക്കുകയും ചെയ്യുന്നവരായിരിക്കണം. ഇക്കൂട്ടർ വിലക്കുറവിന്റെ പേരിൽ റബർമരങ്ങൾ ടാപ്പുചെയ്യാതെ ഇടാൻ മടിക്കുന്നവരും, ഒരുപക്ഷേ സ്വന്തമായി ടാപ്പു ചെയ്യുന്നവരുമായിരിക്കണം. ഇത് കൂടുതൽ പഠനവിഷയമാകേണ്ട വിഷയമാണ്. പഠനത്തിന്റെ ആദ്യ പകുതിയിൽ റബ്ബർവില റെക്കാർഡ് തോതിൽ ഉയർന്ന് ശരാശരി വിലമാറ്റം കി.ഗ്രാമിന് 19.8 രൂപയായിരുന്നു (പട്ടിക 2). റബ്ബർകൃഷിയുടെ വിസ്തൃതി കൂടാൻ ഇതായിരുന്നു കാരണം എന്ന് സാമാന്യമായി കരുതാം. എന്നാൽ രണ്ടാംപകുതിയിൽ വില അതിലും വലിയ തോതിൽ ഇടിഞ്ഞിരുന്നു അതായത് കിലോഗ്രാമിന് 56.5 രൂപ (പട്ടിക 2).

**പട്ടിക 2. കഴിഞ്ഞ 14 വർഷത്തിനിടെ കേരളത്തിൽ റബ്ബർകൃഷി ചെയ്ത സ്ഥലത്തിന്റെ വ്യാപ്തിയിലും റബ്ബറിന്റെ വിലയിലും വന്ന മാറ്റങ്ങൾ ഒറ്റ നോട്ടത്തിൽ**

| | കാലയളവ് | |
|---|---|---|
| | 2005-06 to 2012-13 | 2012-13 to 2019-20 |
| റബ്ബർകൃഷിയിൽ വന്ന മാറ്റം (ഹെക്ടർ) | +37525 | +477840 |
| ആർ.എസ്.എസ്. 4 ന്റെ വിലയിൽ വന്ന മാറ്റത്തിന്റെ നിരക്ക് (പ്രതി വർഷം കിലോഗ്രാമിന്) | +19.8 | -56.5 |
| ആർ.എസ്.എസ്. 4 ന്റെ ശരാശരി വില (കിലോഗ്രാമിന്) | 123 | 140 |

ഇക്കാലയളവിലും സംസ്ഥാനത്തു പൊതുവിൽ റബ്ബർകൃഷിയുടെ ആകെ വിസ്തൃതി കൂടുകയായാണുണ്ടായത്. വിലയിൽ കുറവ് അനുഭവപ്പെട്ടെങ്കിലും, ശരാശരിവില ആദ്യപകുതിയിലേതിനേക്കാൾ രണ്ടാംപാദത്തിൽ കൂടുതലായിരുന്നു (രണ്ടാംപകുതിയിൽ കിലോഗ്രാമിന് 140 രൂപയും ആദ്യപകുതിയിൽ കിലോഗ്രാമിന് 123 രൂപയും). രണ്ടാം പാദത്തിൽ ചില ജില്ലകളിൽ റബ്ബർ കൃഷിയുടെ വിസ്തൃതി കൂടിയതും മറ്റു ജില്ലകളിൽ കുറഞ്ഞതും അതത് പ്രദേശത്തെ കർഷകരുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിൽ വിശദമായി പഠിക്കേണ്ടിയിരിക്കുന്നു. റബ്ബറിന്റെ വില കൂടിയാലും കുറഞ്ഞാലും ചിലർക്കു റബ്ബർകൃഷിയല്ലാതെ മറ്റൊരു സാധ്യതയും അവരുടെ മുൻപിൽ ഇല്ല എന്നതാണോ അവസ്ഥ എന്ന മനസ്സിലാക്കേണ്ടത് ആവശ്യമാണ്.






*ചിത്രം 1. 2005 മുതൽ 2019 വരെ കേരളത്തിലെ പാലക്കാട് ജില്ലയിലെ റബ്ബർകൃഷിയുടെ വിസ്തൃതിയിൽ വന്ന മാറ്റം ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ. ഈ കായലയളവിൽ ഏകദേശം 11887 ഹെക്ടർ റബ്ബർകൃഷി പാലക്കാട് ജില്ലയിൽ കൂടിയിട്ടുണ്ട്.*

അങ്ങിനെയാണ് സ്ഥിതിയെങ്കിൽ റബ്ബർബോർഡിന്റെ ഭാവിവികസനപ്രവർത്തനങ്ങൾ ഒരുപക്ഷെ കൂടുതലായി കേന്ദ്രീകരിക്കേണ്ടത് ഈ പ്രദേശത്തെ റബ്ബർകർഷകരിലായിരിക്കണം. സംസ്ഥാനത്തിന്റെ ആകെ വിസ്തൃതിയും കൃഷിഭൂമിയുടെ മാത്രം വിസ്തൃതിയും താരതമ്യം ചെയ്യുമ്പോഴും റബ്ബർതോട്ടത്തിന്റെ വിസ്തൃതി കൂടിവരുകയാണ് ഉണ്ടായത് (പട്ടിക 3). അതായത് മറ്റു കൃഷികളുടെ വിസ്തൃതി താരതമ്യേന കുറയുകയും റബ്ബർകൃഷിയുടെ വിസ്തൃതി കൂടുകയും ചെയ്തിരിക്കുന്നു. അഥവാ മറ്റു വിളകളുടെ വിസ്തീർണത്തിലുണ്ടായ വളർച്ചയേക്കാൾ കൂടുതലായിരുന്നു റബ്ബർകൃഷിയുടെ വളർച്ച.

**പട്ടിക 3. കേരളത്തിന്റെ ഭൂപ്രദേശത്തിന്റെയും മൊത്തം കൃഷിചെയ്യുന്ന സ്ഥലങ്ങളുടെയും അടിസ്ഥാനത്തിൽ റബ്ബർകൃഷിയുടെ തോത് 2005-2019 കാലയളവിൽ (ശതമാനക്കണക്കിൽ).**

| | 2005-06 | 2012-13 | 2019-20 |
|---|---|---|---|
| റബ്ബർകൃഷിയുടെ തോത് ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ | 12.8 | 14.0 | 15.03 |
| റബ്ബർകൃഷിയുടെ തോത് മൊത്തം കൃഷിചെയ്യുന്ന സ്ഥലങ്ങളുടെ അടിസ്ഥാനത്തിൽ | 19.3 | 20.8 | 22.6 |

ഭൂമിയുടെ ലഭ്യത കൂടുതലായി ഉണ്ടായിരുന്ന മുൻകാലങ്ങളിൽ പ്രത്യേകിച്ച് 1980 കളിൽ കേരളത്തിൽ റബ്ബർകൃഷിയുടെ വാർഷികവളർച്ചാനിരക്ക് എക്കാലത്തെയും കൂടുതലായിരുന്നു. അത്രയും ഉയർന്ന വളർച്ചാനിരക്ക് ഇപ്പോഴും നിലനില്കുകയില്ലായെങ്കിലും പ്രതിസന്ധികളുടെ കാലത്തും റബ്ബർകൃഷിയുടെ വിസ്തീർണം കേരളത്തിൽ കുറഞ്ഞു വന്നിട്ടില്ല എന്നുള്ളതും, സ്ഥലലഭ്യത ഉള്ളയിടത്ത് ചെറുതായെങ്കിലും വളർന്നുകൊണ്ടിരിക്കുന്നു എന്നതും തികച്ചും ആരോഗ്യകരമായ ഒരു ലക്ഷണം തന്നെയാണ്. മേൽവിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർകർഷകർക്ക് റബ്ബറിലുള്ള താൽപര്യവും പ്രതീക്ഷകളും തീരെ അറ്റുപോയെന്നും അവർ റബ്ബർകൃഷി മതിയാക്കി മറ്റു മേഖലകളിലേക്ക് മാറിയെന്നും പറയുന്നതിൽ യാതൊരു അടിസ്ഥാനവും ഇല്ല എന്നത് വ്യക്തം. താരതമ്യേന സാമ്പത്തികമായി മുന്നാക്കം നിൽക്കുന്ന, ഒരുപക്ഷെ മറ്റുവരുമാനമാർഗമുള്ള റബ്ബർകർഷകർ വില കുറഞ്ഞതിന്റെ പേരിൽ ടാപ്പിങ് താൽകാലികമായി നിർത്തിവെച്ചിരിക്കുവാനുള്ള സാധ്യത ഉണ്ട്. ഇതിൽ അത്ര അസ്വാഭാവികമായി ഒന്നും കാണേണ്ടതില്ല. എന്നാൽ റബ്ബർകൃഷിയുടെ വിസ്തൃതി കേരളത്തിൽ കുറഞ്ഞിട്ടില്ല എന്നു മാത്രമല്ല റബ്ബറിന്റെ പ്രതിസന്ധിയുടെ കാലത്ത് അത് അൽപമെങ്കിലും വർധിക്കുകമാത്രമാണ് ഉണ്ടായിട്ടുള്ളത്.

റബ്ബർകൃഷിയുടെ വിസ്തൃതിയിൽ വന്ന മാറ്റങ്ങളെക്കുറിച്ചുള്ള ഈ കണക്കുകൾ കേവല സ്ഥിതിവിവരക്കണക്കുകൾ (statistics) എന്നതിനപ്പുറം ജിയോസ്പേഷ്യൽ (Geospatial) സാങ്കേതികവിദ്യയിൽ ഊന്നിയ വിവരങ്ങളാണ്. ഇങ്ങനെയുള്ള വിവരങ്ങൾ റബ്ബർകൃഷിയുമായി ബന്ധപ്പെട്ട വിവിധശാസ്ത്രീയവിശകലനങ്ങൾക്കു വളരെസഹായകരമാണ്. റബ്ബർകൃഷിയിൽ വിവിധപ്രദേശങ്ങളിൽ സമയാധിഷ്ഠമായി (Sptiotemporal) വരുന്നമാറ്റങ്ങൾ പഠനവിധേയമാകുന്നതിനൊപ്പം റബ്ബർകൃഷിയും കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പഠനങ്ങൾക്കും ജിയോസ്പെഷ്യൽസാങ്കേതികവിദ്യ സഹായകകരമാണ്. ഉപഗ്രഹസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റബ്ബർതോട്ടങ്ങളുടെ മാപ്പിങ്ങും അനുബന്ധ പഠനങ്ങളെക്കുറിച്ചും കൂടുതൽ വിവരങ്ങൾ റബ്ബർമാസികയുടെ ജനുവരി 2015, ജൂലൈ 2019 ലക്കങ്ങളിൽ ലഭ്യമാണ്. •





ഡോ. വിൻസന്റ് കെ.
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# റേഞ്ചറുടെ റബ്ബർതോട്ടം ഇനി 'റേഞ്ചേഴ്സ് റാഞ്ച്'

**വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയാത്തതുകൊണ്ട് പല റബ്ബർതോട്ടങ്ങളും ഇന്ന് ടാപ്പു ചെയ്യാതെയും ശരിയായ പരിപാലനം ലഭിക്കാതെയും കിടക്കുന്നുണ്ട്. ഇങ്ങനെയുള്ള തോട്ടങ്ങളിൽ വിളവെടുപ്പ് പുനരാരംഭിക്കുന്നതിനായി തോട്ടംദത്തെടുക്കൽ പോലെയുള്ള പദ്ധതികൾ റബ്ബർബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. നല്ലരീതിയിൽ പരിപാലിച്ചിരുന്ന ഒരു തോട്ടം പിന്നീട് പലകാരണങ്ങളാൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ എത്തിയതിനെക്കുറിച്ചും, അഭ്യസ്തവിദ്യയായ ഒരു യുവകർഷകയുടെ സമർത്ഥമായ ഇടപെടലിലൂടെ ആദായകരമായി മുന്നോട്ടു കൊണ്ടുപോകുന്നതിനെക്കുറിച്ചും ലേഖനത്തിൽ വിവരിക്കുന്നു.**

തൃശൂർജില്ലയിൽ ചേലക്കരയ്ക്ക് സമീപം പാഞ്ഞോളിൽ 'റേഞ്ചറുടെ തോട്ടം' എന്ന് അറിയപ്പെടുന്ന ഒരു റബ്ബർതോട്ടം ഉണ്ട്. വനംവകുപ്പിൽ നിന്ന് റേഞ്ച് ഓഫീസർ ആയി വിരമിച്ച കൊട്ടാരപ്പാട്ട് ബാലന്റെ തോട്ടമാണ് ഇങ്ങനെ അറിയപ്പെടുന്നത്. വനംവകുപ്പിൽ ദീർഘകാലം ജോലി ചെയ്ത ബാലന് പ്രധാനമായും ഉണ്ടായിരുന്നത് സാമൂഹ്യവനവൽക്കരണപദ്ധതികളുടെ നടത്തിപ്പും മേൽനോട്ടവുമാ



സ്മിജി തൊഴിലാളികൾക്കൊപ്പം

യിരുന്നു. വനംവകുപ്പിന്റെ സാമൂഹ്യവനവൽക്കരണ പദ്ധതികളിൽ നിന്ന് ലഭിച്ച വൈദഗ്ധ്യം മികച്ച ഒരു റബ്ബർതോട്ടം നട്ടുപിടിപ്പിക്കുന്നതിന് ബാലനെ അക്ഷരാർത്ഥത്തിൽ സഹായിച്ചു. 2004-ൽ ആർആർഐഐ 105 ന്റെ കൂടത്തൈകൾ ഉപയോഗിച്ച് കൃത്യമായ ഇടയകലത്തോടുകൂടി നട്ട തോട്ടം ശാസ്ത്രീയമായാണ് പരിചരിച്ചിരുന്നത്. ഈ തോട്ടത്തിന് റബ്ബർബോർഡിന്റെ ധനസഹായം ലഭിച്ചിട്ടുണ്ട്. പാഞ്ഞാൾ പ്രദേശത്തെ ഒരു മാതൃകാ റബ്ബർതോട്ടം ആയിരുന്നു ഇത്. ജോലിയിൽ നിന്ന് വിരമിച്ചശേഷം ബാലൻ ഒരു മുഴുവൻ സമയ കർഷകൻ ആയി മാറുകയായിരുന്നു. റബ്ബർ കൂടാതെ തെങ്ങ്, കമുക്, ജാതി, കുരുമുളക്, വാഴ, പച്ചക്കറികൾ എന്നിവയെല്ലാം തോട്ടത്തിൽ ഇടംപിടിച്ചു. എല്ലാ കൃഷികളും ശാസ്ത്രീയമായിട്ടായിരുന്നു ചെയ്തത്. തോട്ടത്തിലെ എല്ലാ കൃഷി കാര്യങ്ങളിലും ബാലന്റെ കൃത്യമായ മേൽനോട്ടവും, നിരീക്ഷണവും ഉണ്ടായിരുന്നു.

2011-ൽ ടാപ്പിങ് ആരംഭിച്ചതോടു കൂടി റബ്ബർപാൽ സംസ്കരണത്തിന് ആവശ്യമായ റോളറും പുകപ്പുരയും തോട്ടത്തിൽ സ്ഥാപിച്ചു. എന്നാൽ 2018-വരെ മെച്ചപ്പെട്ട ഉത്പാദനം ലഭിച്ചിരുന്ന തോട്ടം, പ്രായാധിക്യം മൂലം ബാലന് തോട്ടത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയാത്തതുകൊണ്ടും ടാപ്പിങ്ങിലെ അപാകതകൾ കൊണ്ടും മോശമായ സ്ഥിതിയിലെത്തി. മാത്രമല്ല, വിലക്കുറവു മൂലം റബ്ബർതോട്ടത്തിൽ നിന്നു ലഭിച്ചിരുന്ന വരുമാനത്തിൽ ഗണ്യമായ കുറവ് വരികയും ചെയ്തതോടുകൂടി ടാപ്പിങ് നിർത്തിവെക്കാൻ നിർബന്ധിതനായി. കോവിഡിന്റെ പശ്ചാത്തലത്തിലും ബാലന്റെ ആരോഗ്യസ്ഥിതിയിൽ ഉണ്ടായ മാറ്റത്തെ തുടർന്നും, ബെംഗളൂരു ഐ.ബി.എമ്മിൽ ടെക്നിക്കൽ ട്രെയിനർ ആയി ജോലി ചെയ്തിരുന്ന മകൾ സ്മിജി കെ. ബാലൻ നാട്ടിൽ തിരിച്ച് എത്തുകയും തോട്ടത്തിന്റെ മേൽനോട്ടം ഏറ്റെടുക്കുകയും ചെയ്തു. 2020-ൽ ടാപ്പിങ് പൂർണ്ണമായും നിർത്തിവെച്ചിരുന്ന സമയത്താണ് സ്മിജി നാട്ടിൽ എത്തിയത്.

തോട്ടത്തിലെ ടാപ്പിങ് പുനരാരംഭിക്കുന്നതിനായി സ്മിജി ഏറെ പരിശ്രമിച്ചെങ്കിലും ടാപ്പിങ് തൊഴിലാളികളുടെ ലഭ്യതക്കുറവു മൂലം അതൊന്നും ഫലപ്രദമായില്ല. റബ്ബർബോർഡിന്റെ തോട്ടം ദത്തെടുക്കൽ പദ്ധതിയെക്കുറിച്ച് വാർത്താമധ്യമങ്ങളിൽ നിന്ന് അറിഞ്ഞ സ്മിജി റബ്ബർബോർഡിന്റെ കോൾസെന്ററിൽ വിളിച്ച് കാര്യങ്ങൾ വിശദമായി അന്വേഷിച്ചറിഞ്ഞു. കോൾസെന്ററിൽ നിന്നു ലഭിച്ച നിർദ്ദേശമനുസരിച്ച് സ്മിജി 2020 നവംബർ മാസത്തിൽ റബ്ബർബോർഡിന്റെ തൃശൂർ റീജിയണൽ ഓഫീസുമായും തുടർന്ന് വള്ളത്തോൾ റബ്ബേഴ്സുമായും ബന്ധപ്പെട്ടു. ബാലന്റെയും സ്മിജിയുടെയും അഭ്യർത്ഥനപ്രകാരം ലേഖകൻ റബ്ബർതോട്ടം സന്ദർശിച്ച് ടാപ്പിങ്ങിലെ അപാകങ്ങൾ അവർക്ക് മനസ്സി



റബ്ബർപാൽ വിപണനം



ടാപ്പിങ് തൊഴിലാളി ജോയി



സേതുമാധവനൊപ്പം സ്മിജി

ലാക്കിക്കൊടുത്തു. തികച്ചും അശാസ്ത്രീയമായി ടാപ്പു ചെയ്തതിൽ നിന്ന് മരങ്ങൾക്ക് ഉണ്ടായ കോട്ടം മനസ്സിലാക്കിയ അവർ പരിശീലനം ലഭിച്ച മികച്ച ടാപ്പർമാർക്കായി റബ്ബർബോർഡിന്റെ സഹായം തേടുകയും ചെയ്തു.

ടാപ്പർമാർക്കായുള്ള അന്വേഷണങ്ങൾക്കൊടുവിൽ ആർ.പിഎൽ - പി.എം.കെ.വി.വൈ. പദ്ധതിയിലൂടെ പരിശീലനം നേടിയ ചേലക്കര സ്വദേശി ജോയിയെ തോട്ടം ടാപ്പുചെയ്യാൻ ഏർപ്പാടാക്കി. തോട്ടം മുഴുവൻ കളകൾ കൊണ്ട് നിറഞ്ഞിരുന്നു. ജോയിയുടെ നേതൃത്വത്തിൽ തോട്ടത്തിലെ കളകൾ പുല്ലുവെട്ടിയന്ത്രം ഉപയോഗിച്ച് നീക്കം ചെയ്തു. പഴകിദ്രവിച്ച ചില്ല്, ചിരട്ട, കപ്പ് താങ്ങികൾ എന്നിവ മാറ്റി സ്ഥാപിക്കുകയും ചെയ്തു. ഇതിനാവശ്യമായ എല്ലാ കാർഷികോപാധികളും വള്ളത്തോൾ റബ്ബേഴ്സിൽ നിന്ന് വായ്പയായി നൽകുകയും ചെയ്തു.

2020 ഡിസംബർ 13-ാം തീയതി തോട്ടത്തിൽ ടാപ്പിങ് പുനരാരംഭിച്ചു. 1650 മരങ്ങളിൽ മൂന്നു ദിവസത്തിലൊരിക്കൽ എന്ന രീതിയിലാണ് ജോയ് ടാപ്പിങ് ആരംഭിച്ചത്. റബ്ബർപാൽവിപണനം പൂർണ്ണമായും വള്ളത്തോൾ റബ്ബേഴ്സ് ഏറ്റെടുത്തു. ഡിസംബറിൽ ആരംഭിച്ച ടാപ്പിങ് 2021 മാർച്ച് 6-ാംതീയതി വേനലിനെ തുടർന്ന് നിർത്തി. ഈ കാലയളവിൽ 1482 കിലോഗ്രാമിന് തുല്യമായ ഉണക്കത്തൂക്കം റബ്ബറും അതിന് വിലയായി 2,02,422/ രൂപയും ലഭിച്ചു. തോട്ടത്തിൽ ആകെ വന്ന ചെലവ് 51750 രൂപ മാത്രമായിരുന്നു. അറ്റാദായമായി 150672 രൂപ ലഭിക്കുകയും ചെയ്തു. ഇതോടെ റബ്ബർകൃഷി കുറെക്കൂടി ശാസ്ത്രീയമാക്കുന്നതിനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള വഴികൾ സ്മിജി തേടി. ഇതിനായി റബ്ബർബോർഡ് നടത്തിയിരുന്ന ഓൺലൈൻ പരിശീലനപരിപാടികളിലും, കോൾ സെന്ററിലൂടെ നടത്തിയിരുന്ന പ്രത്യേക ഫോൺ ഇൻ പ്രോഗ്രാമുകളിലും സ്മിജി സ്ഥിരമായി പങ്കെടുത്തു.

തോട്ടത്തിൽ നിന്ന് അധികവരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി തേനീച്ചക്കൂടുകൾ സ്ഥാപിച്ചു. റബ്ബർതോട്ടത്തിൽ ഇടവിളയായി ഔഷധസസ്യങ്ങൾ കൃഷി ചെയ്യാൻ തൽപരയായ സ്മിജി റബ്ബർ ബോർഡിന്റെയും വള്ളത്തോൾ റബ്ബേഴ്സിന്റേയും നിർദ്ദേശാനുസരണം കേരള മെഡിസിനൽ പ്ലാന്റ് ബോർഡുമായി ബന്ധപ്പെട്ടു. തുടർന്ന് തോട്ടത്തിൽ ഔഷധസസ്യക്കൃഷി ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. 2.40 ഹെക്ടർ റബ്ബർ തോട്ടത്തിൽ തിപ്പലിയും, 1.21 ഹെക്ടർ തെങ്ങിൻതോട്ടത്തിൽ കൊടുവേലിയും നട്ടുപിടിപ്പിച്ചു. വേരുപിടിപ്പിച്ച തിപ്പലിത്തൈകളും, കൊടുവേലിക്കുള്ള നടീൽവസ്തുക്കളും കോയമ്പത്തൂർ ആര്യവൈദ്യഫാർമസിയിലേക്ക് നടീൽവസ്തുക്കൾ വിതരണം ചെയ്യുന്ന ബെഞ്ചമിൻ ജോസഫിൽ നിന്ന് ലഭ്യമായി. കേരള മെഡിസിനൽ പ്ലാന്റ് ബോർഡിൽ നിന്നും ഔഷധസസ്യകൃഷിക്കുള്ള ധനസഹായം ലഭ്യമാക്കുന്നതിനും കൃഷിക്കും വേണ്ട മാർഗനിർദ്ദേശങ്ങൾ റബ്ബർബോർഡിൽനിന്നും വള്ളത്തോൾ റബ്ബേഴ്സിൽനിന്നുമാണ് നൽകിയത്. തുടർന്ന് 46118 രൂപ ആദ്യഗഡു ധനസഹായമായി കേരള മെഡിസിനൽ പ്ലാന്റ് ബോർഡിൽ നിന്ന് ലഭിച്ചു.

2021- മെയ് മാസത്തിൽ റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്യുന്നതിനാവശ്യമായ എല്ലാ സാധനസാമഗ്രികളും വള്ളത്തോൾ റബ്ബേഴ്സിൽ നിന്ന് വായ്പയായി നൽകി. 2021 ജൂൺമാസം ആദ്യവാരത്തിൽ തന്നെ 1200 റബ്ബർ മരങ്ങൾ ടാപ്പുചെയ്യാൻ ആരംഭിച്ചു. സ്വന്തം ഉടമസ്ഥതയിൽ ഉള്ള റബ്ബർതോട്ടം ടാപ്പിങ്ങിന് പാകമായതിനാൽ ടാപ്പിങ് പുനരാരംഭിക്കാൻ സന്നദ്ധനായി മുന്നോട്ടു വന്ന ജോയി ഒഴിവാകുകയും പകരം സേതുമാധവൻ ടാപ്പിങ് ജോലികൾ ഏറ്റെടുക്കുകയും ചെയ്തു. റബ്ബർപാൽ വിപണനം പൂർണ്ണമായും വള്ളത്തോൾ റബ്ബേഴ്സിലൂടെയാണ് നടത്തുന്നത്.

അച്ഛനെ പിന്തുടർന്ന് കാർഷികരംഗത്തേക്ക് എത്തിയ എംസിഎ ബിരുദധാരിണിയായ സ്മിജിക്ക് പൂർണ്ണ പിന്തുണയുമായി എറണാകുളം ഇൻഫോപാർക്കിൽ ഫിൻജെന്റ് ടെക്നോളജീസിൽ എൻജിനീയറായ ഭർത്താവ് ശ്രീജേഷും, തൃപ്പൂണിത്തുറ ചോയ്സ് സ്കൂളിൽ 6-ാം ക്ലാസ്സ് വിദ്യാർത്ഥി ഇസശ്രീയും ഉണ്ട്.

ഫാം ടൂറിസം രംഗത്ത് ഒരു കൈ നോക്കാൻ തന്നെയാണ് സ്മിജിയുടെ തീരുമാനം. ഇതിനായി റേഞ്ചറുടെ തോട്ടം എന്ന് അറിയപ്പെട്ടിരുന്ന റബ്ബർ എസ്റ്റേറ്റ് 'റേഞ്ചേഴ്സ് റാഞ്ച്' (RANGERS RANCH) എന്ന പേരിൽ അറിയപ്പെടുന്നതിനാവശ്യമായ നവീകരണപ്രവൃത്തികളും നിർമ്മാണപ്രവർത്തനങ്ങളും നടത്തുന്ന തിരക്കിൽ ആണ് ഇപ്പോൾ സ്മിജി.

സ്മിജിയെപ്പോലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ റബ്ബർകൃഷിയിലും അനുബന്ധമേഖലകളിലും തൽപരരായി മുന്നോട്ടുവരുന്നത് റബ്ബർകൃഷിയെ സംബന്ധിച്ച് ശുഭോദർക്കമാണ്.

•



ഡോ. വിനോദ് തോമസ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

റബ്ബർചരിത്രം 7

# ബൊട്ടാണിക്കൽ ഗാർഡനുകൾ

ഏഴാംകടലുംതാണ്ടി കരയിൽനിന്നു കരകൾ തേടിയുള്ള മനുഷ്യന്റെ പ്രയാണത്തെ ത്രസിപ്പിച്ചുകൊണ്ടിരുന്നത് പ്രകൃതിയുടെ അമൂല്യ ശേഖരങ്ങളായ സ്വർണ്ണം, ഔഷധച്ചെടികൾ, സുഗന്ധവിളകൾ എന്നിവയിലുള്ള അഭിനിവേശമായിരുന്നു. മനുഷ്യജീവിതം ധന്യമാക്കുന്നതിന് ആധാരമായ ഈ അമൂല്യ സസ്യസമ്പത്തിനെ ലോകത്തിന്റെ ഏതുകോണിൽനിന്നായാലും തേടിപ്പിടിച്ച് അവയെ ഒരു സ്ഥലത്ത് പ്രത്യേകസജ്ജീകരണങ്ങളോടെ നട്ട് പരിപാലിച്ചുവളർത്തുക എന്ന ലക്ഷ്യം നിറവേറ്റിയത് ഏറെ ചിലവേറിയതും ശ്രമകരവുമായ 'ബൊട്ടാണിക്കൽ ഗാർഡൻ' എന്ന ആശയം യാഥാർത്ഥ്യമായതോടെയാണ്. മനുഷ്യന്റെ കൂടിവരുന്ന ആവശ്യങ്ങളും ആഗ്രഹങ്ങളും സഫലികരിക്കുന്നതിനുതകുന്ന ഇത്തരം ചെടികൾക്ക് ലോകകമ്പോളത്തിൽ എക്കാലത്തും വൻ ഡിമാന്റുണ്ടാകും എന്ന കച്ചവടക്കണ്ണിനു വിളനിലമായത് ഗാർഡനുകളും അവിടെ ജോലി ചെയ്തിരുന്ന ബൊട്ടാണിസ്റ്റുകളുമായിരുന്നു.

ബ്രിട്ടണിലെ കേംബ്രിഡ്ജിൽ സസ്യശാസ്ത്രത്തെ പ്രതിപാദിക്കുന്ന ബോട്ടണി എന്ന വിഷയം 1724 വരെ ഔദ്യോഗികമായി അംഗീകരിക്കാതിരിക്കുകയും, തുടർന്ന് 1762 – ൽ ഈ വിഷയത്തിൽ ഒരു പ്രൊഫസറെ നിയമിക്കുകയും ചെയ്തതോടെയാണ് ക്യൂ ബൊട്ടാണിക്കൽ ഗാർഡൻ രൂപപ്പെടുന്നത്. അതോടെ പ്രഗത്ഭരായ ബൊട്ടാണിസ്റ്റുകൾ ഗാർഡന്റെ നിർണ്ണായകഘടകങ്ങളായി മാറുകയും അവർ നൽകിയ ശാസ്ത്രസംഭാവനകൾ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ തോട്ടമേഖലയിലൂടെ ശക്തിപ്പെടുത്തുന്നതിന് മുഖ്യ പങ്ക് വഹിക്കുകയും ചെയ്തു. ഗാർഡനുകളുടെ പ്രസക്തിയും അനന്തസാദ്ധ്യതകളും തിരിച്ചറിഞ്ഞതോടെ പതിനെട്ടാംനൂറ്റാണ്ടിൽ ഈ സംരംഭം വിജയകരമായി മിക്ക വികസിതരാജ്യങ്ങളിലും സ്ഥാപിതമായി. ഇരുമ്പുകവചങ്ങൾ കൊണ്ടു തീർത്ത് വൻ ചില്ലുസംവിധാനങ്ങൾക്കുള്ളിൽ പ്രകാശം, ജലം, വായു എന്നിവ ആനുപാതികമായി നിയന്ത്രിച്ചുകൊണ്ട് ഏതുതരം ആവാസവ്യവസ്ഥയിൽ വളരുന്ന സസ്യങ്ങളേയും ലോകത്തെവിടെവേണമെങ്കിലും ആരോഗ്യത്തോടെ വളർത്താവുന്ന 'ഗ്ലാസ്ഹൗസ്' അഥവാ 'ഗ്രീൻഹൗസ്' എന്നീ പേരിലറിയപ്പെടുന്ന ഈ സംവിധാനം ഏതൊരു ബൊട്ടാണിക്കൽ ഗാർഡന്റെയും താഴികക്കുടമാണ്.



*ഗ്രീൻഹൗസ്*




*തേയില ഫാക്ടറിയിലേക്ക് ബോയ്‌ലർ കൊണ്ടുപോകുന്ന ദൃശ്യം*

ലണ്ടനിലെ തെംസ് നദിക്കരയിൽ 1759-ലാണ് ക്യൂ ബൊട്ടാണിക്കൽ ഗാർഡനിന്റെ പിറവി. വേർപിരിക്കുവാനാകാത്ത വിധം ശാസ്ത്രവും കലയും ഒരേ തട്ടകത്തിലിട്ട് സമന്വയിപ്പിച്ചുകൊണ്ടുള്ള ക്യൂ ഗാർഡന്റെ ശൈലി എക്കാലത്തേയും മുഖമുദ്രയാണ്. ജോസഫ് ലിൻഡ്‌ലിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് കോളനികളിൽ ഉൾപ്പെട്ട കൽക്കട്ട, മൗറീഷ്യസ്, സിഡ്നി, ട്രിനിഡാഡ് എന്നിവിടങ്ങളിൽ നാഷണൽ ബൊട്ടാണിക്കൽ ഗാർഡനുകൾ സ്ഥാപിച്ചു. വൈവിദ്ധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്ന കേന്ദ്രബിന്ദുവായാണ് ഗാർഡനുകളെ കണ്ടിരുന്നത്. പച്ചക്കറി, മരുന്ന്, കൃഷി, വ്യാപാരം, തോട്ടവ്യവസായം തുടങ്ങി ഒട്ടനവധി മേഖലയ്ക്കു നിതാന്തമാകുന്നതായിരുന്നു ഗാർഡനുകൾ.

ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും വളരുന്ന ചെടികളെക്കുറിച്ചും അവയുടെ ആവാസവ്യവസ്ഥയെക്കുറിച്ചുമുള്ള സമഗ്രമായ അറിവുണ്ടായിരിക്കണം എന്നത് ക്യൂ ബൊട്ടിക്കൽ ഗാർഡനിലെ ഉദ്യോഗസ്ഥന്റെ അടിസ്ഥാനമാനദണ്ഡമാണ്. ഒപ്പംതന്നെ നല്ലൊരു ഉദ്യാനപാലകനും പ്രകൃതിസ്നേഹിയുമായിരിക്കണം. ഏതൊരു സസ്യത്തിന്റെയും വംശീകരണത്തെക്കുറിച്ച് സൂക്ഷ്മതയോടെ പഠിക്കുകയും അതിന്റെ ഹെർബേറിയം ഉണ്ടാക്കി സൂക്ഷിക്കുകയും ചെയ്യുന്നു. അങ്ങിനെ ബൊട്ടാണിക്കൽ ഗാർഡന്റെ കാതൽ ഘടകങ്ങളായി ഗ്രീൻഹൗസ്, ഹെർബേറിയം, ബൊട്ടാണിസ്റ്റുകൾ എന്നിവ നിലകൊള്ളുന്നു. ഇന്ത്യയിലെ ബൊട്ടാണിക്കൽ ഗാർഡൻ 1916-ൽ കൽക്കട്ടയിൽ ഹൂഗ്ലിനദിയുടെ കരയിൽ സ്ഥാപിതമായി. ഇന്ത്യയിലെത്തിയ ആദ്യകാല റബ്ബർചെടികളിലൊന്നിന്റെ ഹെർബേറിയം കൽക്കട്ട ആസ്ഥാനമായി ബ്രിട്ടീഷുകാർ സ്ഥാപിച്ച ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലും സൂക്ഷിച്ചിരിക്കുന്നു.

കാലാകാലങ്ങളായി സസ്യങ്ങളെ സംബന്ധിച്ചു ശേഖരിച്ചു കൊണ്ടിരുന്ന സമഗ്രമായ അറിവുകൾ വാണിജ്യവൽകരിക്കപ്പെട്ടത് കൊളോണിയൽ രാജ്യങ്ങളിൽ തോട്ടവിളകൾ പടുത്തുയർത്തിയ തന്ത്രപ്രധാനമായ നീക്കത്തിലൂടെയാണ്. സുഗന്ധവിളകളിൽ വാണിജ്യബന്ധം സ്ഥാപിക്കുന്നതിന് കിഴക്കൻരാജ്യങ്ങളിൽ പായ്ക്കപ്പലിലെത്തിയവരുടെ ശ്രദ്ധ സാമ്രാജ്യത്വാധിപത്യത്തിലേക്ക് തിരിഞ്ഞപ്പോൾ സാമ്പത്തികനേട്ടമുണ്ടാക്കിത്തരാൻ കെൽപുള്ള സസ്യങ്ങളേയും അവയെ സംബന്ധിച്ച സയൻസിനേയും അധികാരികൾ മറ്റൊരുവിധം ഉപയോഗിക്കുവാൻ സജ്ജമാക്കിമാറ്റി. തങ്ങളുടെ അധീനത്തിലുള്ള ഒരുപറ്റം കിഴക്കൻരാജ്യങ്ങളിൽ ഏതെല്ലാം കൃഷികൾ അതും ഏതേതു കാലാവസ്ഥയിൽ ചെയ്താൽ വിജയിക്കുമെന്നതിനെ സംബന്ധിച്ച് നടത്തിയിട്ടുള്ള വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ക്യൂ ഗാർഡൻ തയ്യാറാക്കിയ മാർഗ്ഗരേഖ എത്രമാത്രം ശരിയായിരുന്നുവെന്ന് കാലം തെളിയിച്ചു. യൂറോപ്യൻ മാർക്കറ്റിങ്ങും ഉത്പാദനവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള കൃഷിരീതികളും താരതമ്യേന കുറഞ്ഞ കൂലിത്തൊഴിലാളികളെ ഉപയോഗിച്ചുകൊണ്ട് മുന്നേറിയ തോട്ടവിള വ്യവസായത്തിന്റെ പിന്നിൽ പ്രവർത്തിച്ച ബുദ്ധികേന്ദ്രം ക്യൂ ഗാർഡൻ തന്നെയാണ്.

സസ്യസമ്പത്ത് ശേഖരിക്കുന്നതിനുള്ള ശ്രമങ്ങൾ ഗാർഡനുകൾ നടത്തിക്കൊണ്ടേയിരുന്നു. അങ്ങനെ ലഭിക്കുന്നവയിൽനിന്നു വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യാൻ അനുയോജ്യമായ കാപ്പി, ഓറഞ്ച്, വാഴ, പൈനാപ്പിൾ, മാംഗോസ്റ്റീൻ, ആൽമണ്ട്, മഹാഗണി, റബ്ബർ, തേയില തുടങ്ങി ഒട്ടനവധി ചെടികളെ തിരഞ്ഞെടുത്ത് തോട്ടവിളയാക്കി. ബംഗാൾ - സിക്കിം അതിർത്തിയിൽ ജോസഫ് ഹുക്കർ 1847 - 1851 കാലഘട്ടത്തിൽ

വ്യാപകമായി സർവ്വെ നടത്തുകയും ഏഴായിരത്തിൽപരം ഹിമാലയൻ സസ്യങ്ങളെ കൊണ്ടുപോയി ക്യൂ ഗാർഡനിൽ വളർത്തുകയും ചെയ്തു. കൊളോണിയൽ രാജ്യങ്ങൾ തമ്മിലും സസ്യങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടു. ക്യൂ ബൊട്ടാണിക്കൽ ഗാർഡൻ വഴി തെക്കേഅമേരിക്കയിൽ നിന്നെത്തിയ സിങ്കോണ തെന്നിന്ത്യയിലെ നീലഗിരി, കൂർഗ് എന്നിവിടങ്ങളിലും സിക്കിമിലും കൃഷിചെയ്തു. തോട്ടമേഖലയ്ക്ക് വൻവെല്ലുവിളിയായിരുന്ന മലമ്പനിയുൾപ്പെടെയുള്ള രോഗങ്ങൾക്ക് അക്കാലത്തു നൽകിയിരുന്ന "കൊയ്നവെള്ളം" ഉണ്ടാക്കിയിരുന്നത് സിങ്കോണമരത്തിന്റെ പട്ടയിൽ നിന്നായിരുന്നു.

സുഗന്ധവിളകളുടെ കൃഷിയിൽ സാമ്രാജ്യത്വശക്തികൾക്കിടയിലുള്ള കുടിപ്പക ഏറെ പ്രകടമായിരുന്നു. ജാതി, ഗ്രാമ്പു തുടങ്ങിയവ വവ്യാപകമായി മലയായിലും സിലോണിലും ഈസ്റ്റ് ഇന്ത്യ കമ്പനി കൃഷിചെയ്തുകൊണ്ട് അതുവരെ ലോകകമ്പോളത്തിൽ ഡച്ചുകാർക്കുണ്ടായിരുന്ന കുത്തക തകർക്കുകയായിരുന്നു. 1801-ൽ പെനാങ്ങിലുണ്ടായ ഈ ഉദയം 1805-ൽ തോട്ടങ്ങൾ വ്യാപകമായി നശിപ്പിക്കപ്പെട്ടതിലൂടെ ക്ഷീണിച്ചുവെങ്കിലും 1822 - ൽ സർ റാഫിൾസ് കൃഷി പുനരുദ്ധരിച്ചു. അദ്ദേഹമാണ് 1823-ൽ സിങ്കപ്പൂർ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിച്ചത്. സിലോണിലെ കൊളംബോയ്ക്കടുത്തുള്ള സ്ലേവ് ഐലന്റിൽ ഡച്ചുകാർ സ്ഥാപിച്ച ബൊട്ടാണിക്കൽ ഗാർഡൻ ബ്രിട്ടീഷ് ആധിപത്യം വന്നപ്പോൾ ഏറെ തഴയപ്പെട്ടു. പിന്നീട് പെരഡീനിയയിൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച ഗാർഡനിൽ റബ്ബറിന്റെ സമസ്തമേഖലയിലുള്ള ഗവേഷണം ആരംഭിക്കുകയും ചെയ്തു. അത് പിൽക്കാലത്ത് തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളിൽ ഗവേഷണകേന്ദ്രങ്ങൾ തുടങ്ങാൻ പ്രചോദനവുമായി.

ഓരോ രാജ്യത്തിനും ഇണങ്ങുന്ന തരത്തിലുള്ള വിളകളുടെ നടീൽവസ്തുക്കൾ എത്തിച്ചുകൊടുക്കുന്നതിനൊപ്പം തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്തതിലൂടെ കാട്ടുചെടികളെ തോട്ടവിളകളാക്കിമാറ്റുന്ന ഒരു പരിവർത്തനകേന്ദ്രമായി ക്യൂ ഗാർഡൻ നിലകൊണ്ടു. സർവകലാശാലകളുടേയും ഗവേഷണകേന്ദ്രങ്ങളുടേയും പ്രവർത്തനങ്ങളിൽ നിന്നു വേറിട്ട കാഴ്ചപ്പാടാണ് ഗാർഡനുകൾക്കുള്ളത്. വിദ്യാഭ്യാസം, ഗവേഷണം എന്നതിലുപരിയായി സസ്യസമ്പത്തിന്റെ വൻശേഖരമുള്ള ഗാർഡനുകൾ തോട്ടവിള ഉൾപ്പെടെ ഇതരസസ്യങ്ങളുടെ വിശ്വാസ്യതയെ സംബന്ധിച്ച സംശയനിവാരണത്തിലൂടെ കർഷകസമൂഹത്തെ സഹായിക്കുകയും ചെയ്യുന്നു.

## 99-ലെ പ്രളയം

ചരക്കുനീക്കത്തിനുള്ള അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുന്നതിൽ തോട്ടവ്യവസായികൾ നടത്തിയ ശ്രമങ്ങൾ ഏറെ ദീർഘവീക്ഷണത്തോടു കൂടിയായിരുന്നു. തദ്ദേശവാസികളിൽനിന്നു ശേഖരിച്ച വിവരങ്ങളും ബ്രിട്ടീഷ് എഞ്ചിനീയറിങ് വിഭാഗത്തിന്റെ വൈദഗ്ധ്യവും നിശ്ചയദാർഢ്യവും കൂടി സമന്വയിച്ചപ്പോൾ മലയോരമേഖലയാകെ സഞ്ചാരയോഗ്യമായി മാറുകയും ആ പാതകൾ തുറമുഖം വരെ ചരക്കു നീക്കത്തിനുവേണ്ടി നീളുകയും ചെയ്തു. അക്കാലത്തെ കൊല്ലം-ചെങ്കോട്ട, നിലമ്പൂർ-ഷൊർണൂർ തീവണ്ടിപ്പാതകൾ നവീകരിച്ച് ഉപയോഗപ്രദമായി ഇന്നും നിലകൊള്ളുന്നു. ആലുവയിൽനിന്നു കുട്ടമ്പുഴ, പൂയംകുട്ടി, മണികണ്ഠൻചാൽ, പെരുമ്പൻകുത്ത്, മാങ്കുളം, കരിന്തി



*മോണോറെയിൽ*

രിമല, ലക്ഷ്മി എസ്റ്റേറ്റ് വഴി മൂന്നാറിനുള്ള മലയോരപാതയ്ക്ക് (പഴയ എ-എം റോഡ്) ദൂരവും കയറ്റവും കുറവായിരുന്നു.

ഈ കാലയളവിൽ മൂന്നാറിൽനിന്നു മാട്ടുപ്പെട്ടിവഴി ടോപ് സ്റ്റേഷനിലേക്കു നിർമ്മിച്ച മോണോ റെയിൽ ട്രാം ഇന്ത്യയിലെ പ്രഥമസംരഭമായിരുന്നു. ആദ്യകാലങ്ങളിൽ ട്രാമിന്റെ ചാലകശക്തി കാളകളും പിന്നീടത് കുതിരകളുമായി. 1908-ൽ കൽക്കരി എഞ്ചിൻ ഉപയോഗിച്ചുകൊണ്ട് ട്രെയിൻ ചലിക്കാൻ തുടങ്ങി. ജർമ്മനിയിൽനിന്നും ഇറക്കുമതിചെയ്ത് തുറമുഖത്തുനിന്നു ബോഡിയെത്തിച്ച് തുടർന്നുള്ള യാത്ര ഏറെ ദുർഘടവും കീഴ്ക്കാൻതൂക്കായതുമായ കാനനപാതയിലൂടെ മനുഷ്യരും മൃഗങ്ങളും കൂടി വലിച്ചുകയറ്റി മൂന്നാറിൽ എത്തിച്ച് യന്ത്രഭാഗങ്ങൾ കൂട്ടിച്ചേർക്കുകയായിരുന്നു.

ചരക്കുനീക്കത്തിനു വേണ്ടിയായിരുന്നു ആദ്യകാലത്ത് ഈ റെയിൽപാത ഉപയോഗിച്ചിരുന്നത്. മൂന്നാറിൽനിന്നു ടോപ് സ്റ്റേഷനിൽ എത്തുന്ന തേയിലപ്പെട്ടികൾ 1900-ൽ ആരംഭിച്ച റോപ് വേയിലൂടെ താഴെ തമിഴ്നാട്ടിലെ കോട്ടഗുഡിയിലെത്തിച്ച് അവിടെനിന്നു മദ്രാസ്, തൂത്തുക്കുടി എന്നിവിടങ്ങളിലെ തുറമുഖത്ത് തുടർന്നുള്ള യാത്രയ്ക്കുവേണ്ടി എത്തിച്ചിരുന്നു. കാട്ടാനകളുടെ നിരന്തരമായ ശല്യം, മലവെള്ളപ്പാച്ചിൽ എന്നിവ മൂലം രണ്ടുദശാബ്ദത്തോളം കാര്യക്ഷമമായി പ്രവർത്തിച്ച ഈ പാത നാമാവശേഷമായി. റോപ് വേ ഉറപ്പിക്കുന്നതിനു വേണ്ടി നിർമ്മിച്ച കോൺക്രീറ്റ് പില്ലറുകളുടെ ശിഷ്ടഭാഗങ്ങൾ ഇന്നും ടോപ്പ്സ്റ്റേഷനിലെത്തുന്നവർക്കു കാണാവുന്നതാണ്.

ആറിനു കുറുകെ ഒട്ടേറെ തൂക്കുപാലങ്ങൾ അക്കാലത്ത് തോട്ടങ്ങൾക്കകത്ത് നിർമ്മിച്ചിരുന്നു. മിക്ക റബ്ബർ എസ്റ്റേറ്റുകളിലും ആ പാലങ്ങൾ ഉണ്ടായിരുന്നതിൽ കൊല്ലം ജില്ലയിലെ ചാലിയക്കര എസ്റ്റേറ്റിൽ 1937-ൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച തൂക്കുപാലം ഇന്നും പ്രവർത്തനക്ഷമമാണ്. പുനലൂർ ടൗണിൽ ഒരുകാലത്ത് വാഹനങ്ങൾ കടത്തിവിട്ടിരുന്ന തൂക്കുപാലം പൈതൃകമായി കാത്തുസുക്ഷിക്കുന്നു. മൂപ്ളി , പാലപ്പിള്ളി ഉൾപ്പെടെ പല വൻകിട റബ്ബർതോട്ടങ്ങളിലും പിന്നീടു നിർമ്മിച്ച തൂക്കുപാലങ്ങൾ ഇന്നു കാണാം. മൂന്നാർ ടൗണിന്റെ ഹൃദയഭാഗത്ത് മുതിരപ്പുഴയ്ക്കു കുറുകെയുണ്ടായിരുന്ന തൂക്കുപാലം രണ്ടുദശാബ്ദങ്ങൾക്കുമുമ്പുവരെ ( പ്രവത്തനക്ഷമമായിരുന്നത് കാലപ്പഴക്കത്താൽ പൊട്ടിവീണത് നൊമ്പരം പേറുന്ന ഓർമ്മയായി നിലകൊള്ളുന്നു.

99- ലെ (1924) വെള്ളപ്പൊക്കം മലയാളക്കരയെയാകെ കണ്ണീരിലാഴ്ത്തിയ നടുങ്ങുന്ന ഓർമ്മകൾ പഴമക്കാർ ഏറെക്കാലം അയവിറക്കിയിരുന്നു. മലയാളവർഷം 1099 ജൂലൈ മാസത്തിലാണ് പേമാരിയുടെ



പ്രളയത്തിനുശേഷമുള്ള മൂന്നാർ


മലയാള മനോരമ
The Malayala Manorama

1924 ജൂലൈയിലെ വെള്ളപ്പൊക്കത്തെക്കുറിച്ച് മനോരമ പത്രത്തിൽവന്ന വാർത്ത

തുടക്കം. സെപ്റ്റംബർ വരെയുള്ള മൂന്നുമാസക്കാലം കൊണ്ട് 3368 മി.മീ മഴയാണ് ആ വർഷം ലഭിച്ചത്. ഇത് മുൻവർഷത്തേക്കാൾ 64 ശതമാനം കൂടുതലായിരുന്നു. പെയ്തുണ്ടായ വെള്ളമത്രയും പെരിയാറിനു വഹിക്കാവുന്നതിലും അതീതമായപ്പോൾ കരകവിഞ്ഞൊഴുക്കുക എന്നതല്ലാതെ ഗത്യന്തരമില്ലാതെയായി. കടപുഴകി ഒഴുകിയെത്തിയ വൻമരങ്ങളും മണ്ണും ചെളിയുമടിഞ്ഞ് പെരിയാറിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തിയതും പ്രളയത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു.

1341-ലെ മഹാപ്രളയത്തിനുശേഷം മലയാളക്കര കണ്ട ജലസംഹാരതാണ്ഡവമായിരിക്കണം 1099 ME



റാണിക്കല്ല്

ലുണ്ടായ നടുക്കുന്ന അനുഭവങ്ങൾ. തോട്ടമേഖലയുൾപ്പെടെ ഇതരവിളകൾക്ക് വൻതോതിൽ നാശനഷ്ടം സംഭവിച്ചു. തോട്ടവിളകളുടെ സിരാകേന്ദ്രമായ മൂന്നാർ ടൗൺ ഉൾപ്പെടെ മലയാളക്കരയിലെ തൃശൂർ മുതൽ കുട്ടനാടുവരെ ഒട്ടേറെ പ്രദേശങ്ങൾ ആഴ്ചകളോളം വെള്ളത്തിനടിയിലായി. പെരിയാർ കരകവിഞ്ഞ് സംഹാരതാണ്ഡവമാടിയപ്പോൾ വൻതോതിൽ ആൾനാശവുമുണ്ടായി.

1910- ആയപ്പോഴേക്കും തിരുവിതാംകൂറിലെ മുണ്ടക്കയത്ത് റബ്ബർകൃഷിയിൽ വൻമുന്നേറ്റമാണുണ്ടായത്. കുട്ടിക്കാനത്തുനിന്നു മുണ്ടക്കയത്തിന് 1914 - ൽ പണിയാരംഭിച്ച റോഡ് ഒന്നാം ലോകമഹായുദ്ധകാലത്തുണ്ടായ പ്രതിബന്ധങ്ങളെയെല്ലാം അതിജീവിച്ച് 1924 - ൽ പൂർത്തീകരിച്ചു. മുണ്ടക്കയം ബോയ്സ് എസ്റ്റേറ്റിനടുത്ത് റോപ് വേയുടെ അവശിഷ്ടങ്ങൾ ഇന്നും കാണാവുന്നതാണ്. ചരക്കുനീക്കത്തിനുവേണ്ടി ഇംഗ്ലണ്ടിൽ നിന്നും 1912- കാലഘട്ടത്തിൽ ഇറക്കുമതി ചെയ്ത രണ്ടുലോറികൾക്കു മുണ്ടക്കയംഭാഗത്തെ കയറ്റങ്ങൾ ഏറെ ശ്രമകരമായിരുന്നു. ഇതിനു പരിഹാരമായിട്ടാണ് റോപ് വേ എന്ന ആശയം ഉടലെടുക്കുന്നത്. ദേവികുളം, പീരുമേട് താലൂക്കുകളിലേയും മുണ്ടക്കയം, കുട്ടിക്കാനം ഭാഗത്തേയും ഒട്ടു മിക്കറോഡുകളും പ്രളയത്തിൽ തകർന്നതുമൂലം പലപ്രദേശങ്ങളും ഒറ്റപ്പെടുകയും പുതിയ റോഡുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ഏറിവരികയും ചെയ്തു

മഹാപ്രളയത്തിൽ തകർന്നടിഞ്ഞ ചരിത്രമാണ് മൂന്നാറിന്റെ ഭാഗമായിരുന്ന മാങ്കുളത്തെ റബ്ബർകൃഷിക്കു പറയുവാനുള്ളത്. കേരളത്തിൽ റബ്ബർ ഒരു തോട്ടവിളയായി 1902 - ൽ കൃഷി ആരംഭിക്കുന്നതിനും മുമ്പേ തന്നെ 1884-1890 കാലഘട്ടത്തിൽ ആനക്കുളം, മാങ്കുളം ഭാഗത്ത് കാടുവെട്ടിത്തെളിച്ച് എഡ്ഗാർ "കോതമംഗലം റബ്ബർപ്ലാന്റേഷൻ"എന്ന പേരിൽ റബ്ബർകൃഷി ആരംഭിച്ചു. മുള്ളുകൾ ഉള്ള ചെടികൾ ഏറെയുണ്ടായിരുന്ന ഈ പ്രദേശം വെട്ടിവെളുപ്പിക്കുവാൻ തൊഴിലാളികളെ ആകൃഷ്ടരാക്കുന്നതിനുവേണ്ടി ചെമ്പുനാണയങ്ങൾ കാടിനകത്തേക്കു വലിച്ചെറിഞ്ഞു. റബ്ബർ ടാപ്പുചെയ്യാനും റബ്ബർപാൽ സംസ്കാരിക്കാനുമായി മലപ്പുറത്തുനിന്നു കൊണ്ടുവന്നവരെ പിന്നീട് നാട്ടിലേക്ക് തിരികെപോകുവാൻ അനുവദിച്ചില്ല. ആവശ്യത്തിനു മദ്യവും മയക്കുമരുന്നും നൽകി അവരെ പാർപ്പിച്ചു. ഒട്ടേറെ ആളുകൾ മലമ്പനിക്കും കോളറയ്ക്കും കീഴടങ്ങി. 99 -ലെ വെള്ളപ്പൊക്കത്തിൽ മാങ്കുളത്തും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുകയും റോഡുകൾ ഒലിച്ചുപോയതു കൊണ്ട് ആ പ്രദേശം ഒറ്റപ്പെട്ടു പോവുകയുംചെയ്തു.

(തുടരും) ●

# നവംബർ മാസത്തെ
# കൃഷിപ്പണികൾ



**മഴയും വെയിലും ഇടകലർന്ന കാലാവസ്ഥയിൽ തോട്ടങ്ങളിൽ കളകൾ കൂടുതലായി വളർന്നിട്ടുണ്ടാവും. അവ നീക്കം ചെയ്യണം. കളകൾ ഉണങ്ങിയശേഷം വേനൽക്കാലത്ത് തൈകളുടെ ചുവട്ടിൽ പുതയിടാൻ ഉപയോഗിക്കാം.**



നഴ്സറികളിലെ തൈകൾക്ക് ഇതുവരെ വളം ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ വളം ചെയ്യാം. കൃഷിയുള്ള ഒരു ഹെക്ടർ സ്ഥലത്തിന് 1255 കി.ഗ്രാം എന്ന തോതിൽ 10-10-4-1.5 എന്ന അനുപാതത്തിലുള്ള എൻ.പി.കെ. എംജി. കൂട്ടുവളത്തിൽ118 കിലോഗ്രം മഗ്നീഷ്യം സൾഫേറ്റ് ചേർത്ത് ഇട്ടുകൊടുക്കണം. തൈനിരകൾക്കിടയിൽ വളം വിതറി, കൈപ്പല്ലികൊണ്ട് മണ്ണുമായി ഇളക്കി യോജിപ്പിച്ചാൽ മതി. ഉണങ്ങിയ ഇലകൾകൊണ്ട് ചവറുവെയ്ക്കണം. ചവറുവയ്ക്കുന്നതുകൊണ്ട് തൈകളുടെ ചുവടുഭാഗം ചൂടേറ്റ് കരിയാതിരിക്കും. മാത്രമല്ല, കളകളുടെ വളർച്ച നിയന്ത്രിക്കുകയും ചെയ്യാം. ആവശ്യമെന്നു കണ്ടാൽ നഴ്സറിയിലെ തൈകൾ നനയ്ക്കണം. രാവിലെയും വൈകുന്നേരവും മാത്രമേ തൈകൾ നനയ്ക്കാവൂ. തടങ്ങൾ നല്ലതുപോലെ നനഞ്ഞുകുതിരുന്നതരത്തിൽ വെള്ളമൊഴിക്കുകയാണെങ്കിൽ ആഴ്ചയിൽ ഒരു തവണ നനച്ചാൽ മതി. വിസ്തൃതി കൂടിയ നഴ്സറികളിൽ ഓരോ ദിവസം ഓരോ ഭാഗം വീതം നനയ്ക്കുന്നത് സൗകര്യപ്രദമായിരിക്കും.

ഒട്ടുകമ്പുനഴ്സറിയിലെ ചെടികളിൽ ശാഖകൾ ഉണ്ടാകാൻ അനുവദിക്കരുത്. ചെറുതൈകൾക്കിടയിലെ കളകൾ നീക്കം ചെയ്യേണ്ടതാണ്. നീക്കം ചെയ്യുന്ന കളകൾ നടീൽനിരകൾക്കിടയിൽ ശേഖരിക്കാം. അവ ഉണങ്ങിയശേഷം ചവറുവയ്ക്കാൻ ഉപയോഗിക്കാവുന്നതാണ്.

## പുതയിടീൽ







കൃഷിയിടത്തിലെ ചെറുതൈകളുടെ ചുവട്ടിൽ ചവറുവെയ്ച്ചുകൊടുക്കേണ്ടതാണ്. മണ്ണിലെ ഈർപ്പവും പോഷകമൂലകങ്ങളും നിലനിർത്തുന്നതിനും മണ്ണിൽ മഴവെള്ളം നേരിട്ടു കുത്തിവീഴാതിരിക്കുന്നതിനും ചെറുതൈകളുടെ ചുവടുഭാഗം വെയിലേറ്റ് ഉണങ്ങാതിരിക്കുന്നതിനും ഇത് സഹായിക്കും. ഉണങ്ങിയ ഇലകൾ, പുല്ല്, ആഫ്രിക്കൻപായൽ മുതലായവ ചവറുവയ്ക്കാൻ ഉപയോഗിക്കാം. തൈകളുടെ കടയ്ക്കൽനിന്ന് അഞ്ചു മുതൽ ഏഴുവരെ സെ.മീ. അകലം വിട്ട് ചവറു വയ്ക്കണം. തൈത്തണ്ടിന് കേടു പറ്റാതിരിക്കാനാണിത്.

### തോട്ടപ്പയർ

കൃഷിയിടത്തിൽ ഈ വർഷം നട്ടുപിടിപ്പിച്ചതും ഇതുവരെ വളംചെയ്യാത്തതുമായ തോട്ടപ്പയറിന് ഇപ്പോൾ വളംചെയ്യാവുന്നതാണ്. ഹെക്ടർ പ്രതി 165 കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ് രണ്ടുപ്രാവശ്യമായി ചേർത്തു കൊടുക്കണം. കളകൾ നീക്കംചെയ്ത് തോട്ടപ്പയർ ശരിയായി പടരുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കണം. ചെറുതൈകളുടെ ചുവട്ടിൽ ഒരു മീറ്റർ വിസ്തൃതിയിൽ തോട്ടപ്പയർ വളരാൻ അനുവദിക്കരുത്. തൈകളിൽ പടർന്നുകയറുന്ന തോട്ടപ്പയർ അപ്പപ്പോൾ നീക്കം ചെയ്യേണ്ടതാണ്.

### മുളകളും ശിഖരങ്ങളും

ബഡ്ഡുതൈകളിൽ തായ്തടിയിൽനിന്നും വളരുന്ന മുളകൾ മുറിച്ചുകളയണം. ചെറുതൈകൾക്ക് നിലനിരപ്പിൽനിന്ന് രണ്ടര മീറ്റർ വരെ ഉയരത്തിൽ ശാഖകൾ വളരാൻ അനുവദിക്കരുത്. ബഡ്ഡുമരങ്ങളിൽ ടാപ്പിങ് ആരംഭിക്കുന്നത് 125 സെ.മീ. പൊക്കത്തിലായതിനാൽ ഈ ഭാഗത്ത് ശിഖരങ്ങൾ നിർത്തുന്നത് ടാപ്പിങ്ങിന് ബുദ്ധിമുട്ടുണ്ടാക്കും. ശിഖരങ്ങളും മുളകളും മൂർച്ചയുള്ള കത്തി ഉപയോഗിച്ച് തായ്ത്തടിയിൽനിന്ന് കുറച്ചു വിട്ട്താഴെനിന്നു മുകളിലേക്കു മുറിച്ചുകളയണം.

### കാറ്റിനെ ചെറുക്കാൻ

ചെറുതൈകൾ കാറ്റിൽ വളഞ്ഞുപോകുകയും ഒടിയുകയും ചെയ്യുക സാധാരണമാണ്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ തൈകൾക്ക് താങ്ങുകൊടുക്കുകയോ അവ വലിച്ചുകെട്ടുകയോ ചെയ്യാം. കെട്ടുമ്പോൾ തൈയുടെ പുറന്തൊലിക്ക് കേടുവരാതിരിക്കാൻ ചകിരി, ചാക്ക് മുതലായ എന്തെങ്കിലുംകൊണ്ട് പൊതിഞ്ഞശേഷമേ കെട്ടാവൂ. കെട്ടുകൾ അധികം മുറുകുകയുമരുത്.



## സിയറ്റ് ഓഫീസ് കമനീയമാക്കാൻ റബ്ബർമരങ്ങളും






ടയർ വ്യവസായമേഖലയിൽ പ്രകൃതിദത്തറബ്ബറിന്റെ സ്ഥാനം അനിഷേധ്യമാണ്. ഈ വസ്തുത വെളി വാക്കുന്ന തരത്തിലാണ് പ്രമുഖ ടയർകമ്പനിയായ സിയറ്റ് (CEAT) അവരുടെ കൊച്ചിയിലെ ഓഫീസ് മന്ദിരം നവീകരിച്ചപ്പോൾ ഓഫീസിനുള്ളിൽ റബ്ബർമരങ്ങൾ അത്യാകർഷകമായി ക്രമീകരിച്ചിട്ടുള്ളത്. ഇത് റബ്ബർകൃഷിക്കുള്ള ഒരു അംഗീകാരംതന്നെയാണ്. ഇതിനായി ഹാരിസൺ മലയാളം തോട്ടങ്ങളിലെ റബ്ബർമ രങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. റബ്ബർപാലും ടാപ്പിങ് ഉപകരണങ്ങളും അതേപടി നിലനിർത്തി യിരിക്കുകയാണ്. മരങ്ങൾ കേടുവരാതിരിക്കാൻ രാസപ്രക്രിയകൾ ചെയ്ത് ഭംഗിയായി ക്രമീകരിച്ചിട്ടുണ്ട്. ഈ നിർമ്മിതി രൂപകൽപന ചെയ്തത് ഇന്റീരിയർ ഡിസൈനർ ആയ ശ്രീജിത്ത് മേനോൻ ആണ്.

---

കാറ്റുമൂലമോ മറ്റോ മരങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ ഭാഗം വൃത്തിയായി മുറിച്ച് മുറിവുണങ്ങാൻ സഹായിക്കുന്ന പെട്രോളിയം ഉത്പ ന്നങ്ങളിൽ ഏതെങ്കിലും ഒന്ന് പുരട്ടേണ്ടതാണ്. ഇടവേള കൂടിയ ടാപ്പിങ് നടത്തുന്ന റബ്ബർമരങ്ങളിൽ എത്തഫോൺ എന്ന ഉത്തേജകഔഷധം ഈ മാസത്തിൽ പ്രയോ ഗിക്കാം.

### തണൽ

പുതുതായി നട്ട തൈകൾക്ക് തണൽ കൊടുക്കേണ്ട താണ്. മെടഞ്ഞ തെങ്ങോലയോ ചാക്കോ മുളയോ ഇതിനുപയോഗിക്കാം. കൂടകളാണ് ഉപയോഗിക്കുന്ന തെങ്കിൽ അവ ആവശ്യത്തിന് വലിപ്പമുള്ളവയായിരി ക്കണം.

### കപ്പുതൈകൾ

അടുത്ത വർഷത്തേക്കാവശ്യമുള്ള കപ്പുതൈകൾ തയ്യാറാക്കുന്ന ജോലി ഇപ്പോൾതന്നെ തുടങ്ങാം. കപ്പു കളിൽതന്നെ വിത്തിട്ട് തൈകൾ വളർത്തിയെടുത്ത് ബഡ്ഡുചെയ്തെടുക്കുകയാണെങ്കിൽ തൈകൾക്ക് നല്ല വേരുപടലം ഉണ്ടാകും. കപ്പുകളിൽ വളർന്ന ആരോഗ്യ മുള്ള തൈകൾ കൃഷിചെയ്താൽ അവ ഒരുവർഷം നേരത്തേതന്നെ വിളവെടുപ്പിനുള്ള വണ്ണമെത്തും. ഒരേ പോലെ ഊർജസ്വലതയോടെ വളരുന്ന തൈകൾ തിര ഞ്ഞെടുത്ത് കൃഷിസ്ഥലത്ത് നടുന്നതിനും കുഴിക്കേട്



പരമാവധി ഒഴിവാക്കുന്നതിനും ഈ രീതി സഹായകര മാണ്. തൈകളെല്ലാം ഒരേപോലെ വളർന്ന് ഒരേസമ യത്തുതന്നെ ടാപ്പുചെയ്യാനുള്ള വണ്ണമെത്തുമെന്നതാണ് മറ്റൊരു മെച്ചം. മരങ്ങൾ നേരത്തേ വിളവെടുപ്പിന് തയ്യാ റാകുന്നതുമൂലം സംരക്ഷണച്ചെലവും ആനുപാതിക മായി കുറയും. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## നവംബർ മാസത്തെ പരിശീലനപരിപാടികൾ

1. **റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണം**
   റബ്ബർപാലിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം നവംബർ 08 മുതൽ 12 വരെയുള്ള തീയതികളിൽ നടത്തും. പരിശീലനഫീസ 3750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **രോഗകീടനിവാരണം**
   റബ്ബറിനെ ബാധിക്കുന്ന രോഗകീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം നവംബർ 15 ന് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചു നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

3. **റബ്ബർ ക്ലോണുകൾ**
   വിവിധതരം റബ്ബർ ക്ലോണുകൾ, ആധുനിക ക്ലോണുകളെ തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ള പരിശീലനം നവംബർ 22 –ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണം**
   ഉണക്കറബ്ബറിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം (ഓൺലൈൻ) നവംബർ 22 മുതൽ 26 വരെയുള്ള തീയതികളിൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചു നടത്തും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ)



## ■ റബ്ബറുത്പന്നനിർമ്മാണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് റബ്ബറുത്പന്നനിർമ്മാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒക്ടോബർ 20 -ന് ആരംഭിക്കുന്നു. കോഴ്സ് ഫീസ് 25,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്നനിർമ്മാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ കോമ്പൗണ്ടിങ്, ഉത്പന്നനിർമ്മാണം, അസംസ്കൃതവസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും പരിശോധന, ലാറ്റക്സ് ടെക്നോളജി എന്നിവയിലെല്ലാം പ്രാവീണ്യം നേടാം. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും.

## ■ റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ റബ്ബർ പ്ലാന്റേഷൻസ് മാനേജ്മെന്റ് എന്ന കോഴ്സ് 2021 നവംബർ 24 ന് ആരംഭിക്കുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്നതാണ് കോഴ്സ്. ഫീസ് 60,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). കാർഷിക ബിരുദധാരികൾക്കും അനുബന്ധ വിഷയങ്ങൾ പഠിച്ചവർക്കും റബ്ബർതോട്ടമേഖലകളിൽ കരിയർ ആഗ്രഹിക്കുന്നവർക്കും, നിലവിൽ റബ്ബർതോട്ടത്തിൽ ജോലി ചെയ്യുന്നവർ, തോട്ടം സൂപ്പർവൈസർമാർ / ഫീൽഡ് ഓഫീസർമാർ തുടങ്ങിയ പ്രൊഫഷണലുകൾക്കും ഉത്പാദകസംഘങ്ങളിൽ ജോലി ചെയ്യുന്ന ബിരുദധാരികൾ, കാർഷിക -ബിസിനസ്സ് കമ്പനികൾ/സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ, കാർഷിക സംരംഭകർ, കാർഷിക ഉത്പന്നങ്ങളുടെ വിതരണക്കാർ തുടങ്ങിയവർക്കും കോഴ്സിൽ പങ്കെടുക്കാം.

## ■ റബ്ബർ ടെക്നോളജിയിൽ പോസ്റ്റ് ഡിപ്ലോമയും പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമയും

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്, റബ്ബർ ടെക്നോളജിയിൽ പോസ്റ്റ് ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ എന്നീ കോഴ്സുകൾ ഹൈബ്രിഡ് മോഡിൽ ആരംഭിക്കുന്നു. (ഓൺലൈനിൽ തിയറി സെഷനുകളും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് കാമ്പസിൽ ഓഫ്‌ലൈനിൽ പ്രായോഗിക സെഷനുകളും). പിജി ഡിപ്ലോമ കോഴ്സിൽ ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ, ഗവേഷകർ, കോളേജുകൾ/സർവകലാശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള ഫാക്കൽറ്റി, റബ്ബർ വ്യവസായമേഖലയിലെ സാങ്കേതിക ഉദ്യോഗസ്ഥർ തുടങ്ങിയവർക്കും പോസ്റ്റ് ഡിപ്ലോമ കോഴ്സിൽ പ്ലസ് ടു (സയൻസ്)/ഐടിഐ സർട്ടിഫിക്കറ്റുള്ളവർ, സംരംഭകർ തുടങ്ങിയവർക്കും പങ്കെടുക്കാം.

*കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0481 2353201, 7994650941 എന്നീ വാട്സ്ആപ്പ് നമ്പറുകളിലോ ബന്ധപ്പെടുക. ഇ മെയിൽ: training@rubberboard.org.in*



പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ (04812353325 (വ്യവസായം), 7994650941 (കൃഷി)) ബന്ധപ്പെടുക.

127 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര



# ആകാശവാണിയും തേൻകിനിയും വിശേഷങ്ങളും

ആകാശവാണി 2003-ൽ പ്രക്ഷേപണം ചെയ്ത തേനീച്ചവളർത്തലിനെ ആധാരമാക്കിയുള്ള പ്രഥമ കൃഷിപാഠപരമ്പരയുടെ ശീർഷകമാണ് 'തേൻ നുകരാം പണം നേടാം' എന്നത്. കേരളത്തിൽ വ്യാപകവും ശാസ്ത്രീയവുമായ തേനീച്ചവളർത്തലിന് അടിത്തറ പാകിയ കാർഷിക പ്രക്ഷേപണ പരമ്പരയായിരുന്നു ഇത്. കാഞ്ഞിരപ്പള്ളിയിലെ പാറത്തോട് കേന്ദ്രമായി പ്രവർത്തിക്കുന്ന മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ ആകാശവാണിയുടെ തിരുവനന്തപുരം നിലയമാണ് ഈ പാഠപരമ്പര തയ്യാറാക്കി പ്രക്ഷേപണം ചെയ്തത്. അഭ്യസ്തവിദ്യരായ നൂറുകണക്കിന് യുവാക്കളെ തേനീച്ച വളർത്തലിലേക്ക് കൈപിടിച്ചു നടത്തിയ ഏറെ ശ്രദ്ധേയമായ പാഠപരമ്പരയായിരുന്നു ഇത്. സർക്കാരിതര സന്നദ്ധപ്രസ്ഥാനമായ മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിഹാളിൽ നടന്ന പാഠപരമ്പരയുടെ ഉദ്ഘാടനത്തിലും സെമിനാറിലും കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നായി നിരവധി ചെറുപ്പക്കാരാണ് റേഡിയോയിലെ അറിയിപ്പ് മാത്രം കേട്ട് എത്തിച്ചേർന്നത്. പീരുമേട് ഡെവലെപ്പ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടറും പിൽക്കാലത്ത് കാഞ്ഞിരപ്പള്ളി രൂപതയുടെ ബിഷപ്പുമായ ഡോ. മാർ മാത്യൂ അറക്കലാണ് ഈ പാഠപരമ്പരയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്.

കാർഷികകേരളം അത്യന്തം അവശ്യബോധത്തോടെ കാതോർത്ത പാഠപരമ്പരയാണിത്. കേരളത്തിൽ ഇന്ന് കാണുന്ന നിലയിൽ തേനീച്ചവളർത്തൽ വ്യാപനത്തിന് വഴിയൊരുക്കുന്നതിൽ ആകാശവാണിയിലൂടെ നാലു മാസക്കാലം പ്രക്ഷേപണം ചെയ്ത ഈ പാഠപരമ്പരയ്ക്ക് നിർണ്ണായകമായ പങ്കുണ്ട്. പാഠഭാഗങ്ങൾ ഉൾച്ചേർത്ത് മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇത് പുസ്തക

രൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ പ്രക്ഷേപണത്തിലെ പ്രഥമ അദ്ധ്യായം തയ്യാറാക്കി അവതരിപ്പിച്ചത് കൃഷിവകുപ്പ് മുൻഡയറക്ടറായിരുന്ന ഈയിടെ അന്തരിച്ച ആർ. ഹേലിയായിരുന്നു. 'തേൻ ഔഷധമെന്ന നിലയിൽ ആയുർവ്വേദചികിത്സയിൽ' എന്ന ശ്രദ്ധേയമായ അദ്ധ്യായം അവതരിപ്പിച്ചത് കേരളത്തിന്റെ ചികിത്സാപുണ്യമായിരുന്ന സമീപകാലത്ത് നാടിന് നഷ്ടമായ കോട്ടക്കൽ ആര്യവൈദ്യശാല മാനേജിംഗ് ട്രസ്റ്റി ഡോ. പി.കെ. വാര്യരായിരുന്നു. ഇങ്ങനെ ഏറെ പ്രാവിണ്യവും അനുഭവസമ്പത്തുമുള്ള വിദഗ്ധരാണ് ഓരോ അദ്ധ്യായങ്ങളും തയ്യാറാക്കി അവതരിപ്പിച്ചത്.

റബ്ബർതോട്ടങ്ങളിലെ തേനീച്ച വളർത്തലിന്റെ അനന്തസാദ്ധ്യതകൾ ചിക്കിക്കൊഴിച്ച പരമ്പര എന്ന സവിശേഷതയും ആകാശവാണിയുടെ ഈ കൃഷിപാഠത്തിന് അവകാശപ്പെട്ടതാണ്. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറായിരുന്ന ഡോ. എ.കെ. കൃഷ്ണകുമാർ റബ്ബർ ഗവേഷണകേന്ദ്രത്തിൽ ശാസ്ത്രജ്ഞനായിരുന്ന ഡോ. സി.ആർ. നെഹ്റു, പബ്ലിസിറ്റിവിഭാഗത്തിൽ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന എം.ജി. സതീഷ്ചന്ദ്രൻ എന്നിവരാണ് റബ്ബർബോർഡിന്റെ തേനീച്ച കൃഷിവ്യാപനപദ്ധതികൾ മൂന്ന് അദ്ധ്യായങ്ങളിലൂടെ വിശദീകരിച്ചത്. തേനീച്ചവളർത്തൽ, തേൻസംഭരണം, തേൻ വിപണനം, ഉത്പന്ന വൈവിധ്യവൽക്കരണരംഗങ്ങളിലെല്ലാം കേരളത്തിൽ ഇന്ന് ശ്രദ്ധേയരായി മാറിയിട്ടുള്ള നിരവധി സംരംഭകർ ഈ കൃഷിപാഠപരമ്പരയുടെ ശ്രോതാക്കളും ഗുണഭോക്താക്കളുമായിരുന്നു എന്നതിൽ ആകാശവാണിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ ഹോർട്ടികോർപ്പ് തേനീച്ചവളർത്തൽ വ്യാപനപദ്ധതികൾ നടപ്പിലാക്കിയപ്പോൾ അംഗീകൃത ബീബ്രീഡർമാരായി അതായത് തേനീച്ചവളർത്തലിന്റെ അംബാസിഡർമാരായി മാറിയവരിൽ ഏറെപ്പേരും ആകാശവാണിയുടെ ഈ കൃഷിപാഠപരമ്പരയുടെ മികച്ച ശ്രോതാക്കളായിരുന്നു. പാലക്കാട് ജില്ലയിലെ എളവമ്പാടം റബ്ബറുത്പാദകസംഘത്തിന്റെ തേനീച്ചവളർത്തൽ മേഖലയിലെ വിജയഗാഥ സമാനതകളില്ലാത്ത മുന്നേറ്റമായിരുന്നു. തേനീച്ചവളർത്തൽ, തേൻ സംഭരണം, വിപണനം എന്നീ രംഗങ്ങളിൽ എളവമ്പാടത്തിന്റെ ഉദാത്ത മാതൃക ഈ പാഠപരമ്പരയിൽ ഉൾചേർത്ത് പ്രക്ഷേപണം ചെയ്തിരുന്നു.

ഈ പാഠപരമ്പരയുടെ ഊർജ്ജമാണ് ആകാശവാണി തിരുവനന്തപുരം നിലയത്തിന് ദേശീയ അവാർഡിന് വഴിയൊരുക്കിയത്. 'താരും തളിരും തേനും' എന്ന പേരിൽ തേനീച്ചവളർത്തലിന്റെ വൈവിധ്യമാർന്ന സാദ്ധ്യതകളെയും പ്രാധാന്യത്തെയും അനാവരണം ചെയ്യുന്ന ഡോക്യുമെന്ററിക്ക് 2003- ൽ വയലും വീടും വിഭാഗത്തിൽ ആകാശവാണി ദേശീയപുരസ്കാരം ലഭിക്കുകയുണ്ടായി.

ദ്രാവകസ്വർണ്ണമെന്ന് വിശേഷിപ്പിക്കാവുന്ന തേനിലൂടെ ആകാശവാണിക്ക് കൈവന്ന മാധുര്യമൂറുന്ന അംഗീകാരം! ബാംഗ്ലൂരിൽ നടന്ന പ്രൗഢോജ്ജ്വലമായ ചടങ്ങിൽ വച്ച് ദേശീയ അവാർഡ് ഏറ്റുവാങ്ങിയപ്പോൾ ജീവിതവഴിയിലെ തേനിൽ ചാലിച്ച മുഹൂർത്തമായി ഇന്നും അത് മനസ്സിൽ ബാക്കി നിൽക്കുന്നു. ഈ അവാർഡിന്റെ ഭാഗമാകാൻ റബ്ബർബോർഡിനും കഴിഞ്ഞു.- ബോർഡിന്റെ തേനീച്ച കൃഷിവ്യാപനപ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രൊഡക്ഷൻ കമ്മീഷണറായിരുന്ന ഡോ. എ.കെ. കൃഷ്ണകുമാറിന്റെ അഭിമുഖവും അവാർഡിനർഹമായ ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തിയിരുന്നു.

"മധുരകേരളം, ഹരിതകേരളം" എന്ന പേരിൽ ചെറുതേനീച്ച വളർത്തലിന് പ്രാധാന്യം നൽകിയ മറ്റൊരു കൃഷിപാഠപരമ്പരയും ആകാശവാണി പ്രക്ഷേപണം ചെയ്യുകയുണ്ടായി. കേരളത്തിന്റെ തേനീച്ചവളർത്തൽ വ്യാപനത്തിന് കരുത്തേകിയ ആകാശവാണി പ്രക്ഷേപണത്തിന്റെ രണ്ടാമൂഴമായിരുന്നു ഇത്!! ഈ കൃഷിപാഠപരമ്പരക്ക് ശീർഷകം നിർദ്ദേശിച്ചത് പ്രിയപ്പെട്ട ശ്രോതാക്കളായിരുന്നു. പേര് നിർദ്ദേശിച്ചത് കാസർഗോഡ് ചിന്മയാകോളനിയിലെ തമ്പാൻ നായർ എന്ന ശ്രോതാവാണ്. ആറായിരത്തോളം ശ്രോതാക്കളാണ് ആദ്യ റൗണ്ടിൽ പേരുകൾ പോസ്റ്റ്കാർഡിൽ എഴുതി ആകാശവാണിയിലേക്കയച്ചത്. പ്രാഥമികറൗണ്ടിൽ നാലുപേരുകൾ തെരഞ്ഞെടുത്തു. ഇതിൽ നിന്നും ശ്രോതാക്കളുടെ സമ്പൂർണ്ണ പങ്കാളിത്തത്തോടെ നടത്തിയ 'ടെലിവോട്ടിങ്' സാങ്കേതികസംവിധാനത്തിലൂടെ 2349 പേർ വോട്ടു രേഖപ്പെടുത്തിയ 'മധുര കേരളം ഹരിതകേരളം' പാഠപരമ്പരയുടെ ശീർഷകമായി തെരഞ്ഞെടുത്തു. ആകെ 5162 ശ്രോതാക്കളാണ് ടെലി വോട്ടിങ്ങിൽ പങ്കെടുത്തത്. ഈ പരമ്പരയ്ക്ക് പേര് നിർദ്ദേശിച്ച ശ്രോതാക്കൾക്ക് ക്യാഷ് അവാർഡ് ഏർപ്പെടുത്തിയതും പ്രക്ഷേപണപങ്കാളിയായതും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനാണ്. ഭക്ഷ്യസുരക്ഷയ്ക്ക് തേനീച്ചവളർത്തൽ എന്നത് പ്രയോഗക്ഷമമാക്കാനുള്ള ഭക്ഷ്യഭദ്രതാദൗത്യം കൂടിയാണ് ഈ പ്രക്ഷേപണത്തിലൂടെ ആകാശവാണിയും ഹോൾട്ടികൾച്ചറൽ മിഷനും ഏറ്റെടുത്തത്.

തേനീച്ചവളർത്തൽ അക്ഷരാർത്ഥത്തിൽ ആകാശത്തെ കൃഷിയാണ്. ഒരു തുണ്ടുഭൂമി സ്വന്തമായിട്ടില്ലാത്തവർക്കും തേനീച്ചവളർത്തലിൽ ഏർപ്പെടാം. തന്നെയുമല്ല വലിയ മൂലധനമോ കെട്ടിട സംവിധാനങ്ങളോ യന്ത്രസജ്ജീകരണങ്ങളോ ഒന്നും ആവശ്യമില്ല. അവശ്യം വേണ്ട മൂലധനം കഠിനാദ്ധ്വാനത്തിനുള്ള മനസ്സാണ്. ഈ ആകാശകൃഷിയിലേക്ക് ആയിരങ്ങളെ അടുപ്പിക്കാനും ആദായകരവും ആനന്ദദായകവുമായ കാർഷിക സംരംഭമായി ഇതിനെ മാറ്റിയെടുക്കാനും ആകാശവാണിയുടെ 'വയലും വീടും' നടത്തിയ വിജ്ഞാനവ്യാപന ദൗത്യം, സമാനതകളില്ലാത്ത വികസനോന്മുഖ മാധ്യമപ്രവർത്തനത്തിന്റെ നേർസാക്ഷ്യമാണ്. അതീവഹൃദ്യമായ ഒരു ശീർഷകഗാനത്തോടെയായിരുന്നു ഈ കൃഷിപാഠം സമാരംഭിക്കുന്നത്. ഈ ശീർഷകഗാനം രചിച്ചത് ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവും കവിയുമായ ശ്രീകുമാർ മുഖത്തലയാണ്. ഈ ഗാനം ചിട്ടപ്പെടുത്തിയത് അസ്സിസ്റ്റന്റ് സ്റ്റേഷൻ ഡയറക്ടറായി ആകാശവാണിയിൽ നിന്ന് വിരമിച്ച ചലച്ചിത്ര പിന്നണി ഗായകൻ ജി. ശ്രീറാമാണ്. ഹൃദയഹാരിയായ ശീർഷകഗാനത്തിന്റെ വരികളാകട്ടെ ഈ കുറിപ്പിന്റെ ഭരതവാക്യം.

അമൃതമീ മധുരം മധുരം........
മധുരമീയമൃതം അമൃതം........
അരിയപൂവിൽ നിന്നുമൃതിയെ
ജയിച്ചിടും മധുരം......
പ്രകൃതിതൻ പ്രണയത്തിൽനിന്നു
മൂറുന്ന തേൻ മധുരം...
ചെറിയ ചിറകുകൾ നേർത്തകാറ്റിൽ
സൂക്ഷ്മമാം ശ്രുതിയിൽ...
പുഷ്പഹൃദയം തൊട്ടുണർത്തിയൊ-
രമൃതമീ മധുരം.........
മധുരമീയമൃതം.

****************

●



# കോൾ സെന്ററിൽനിന്ന്...

'റബ്ബർ പുകപ്പുരനിർമ്മാണം', ' റബ്ബറധിഷ്ഠിത സ്വയം തൊഴിൽസംരംഭങ്ങളും സഹായപദ്ധതികളും', എന്നീ വിഷയങ്ങളിൽ കോൾ സെന്റർ നടത്തിയ പ്രത്യേക ഫോൺ ഇൻ പരിപാടികളിൽ പങ്കെടുത്ത കർഷകരുടെ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ മാത്യു ജോസഫ് സി., കോട്ടയം ജില്ലാവ്യവസായ കേന്ദ്രത്തിലെ ഇൻഡ്സ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ എസ്.റ്റി ശരത്‌ലാൽ എന്നിവർ യഥാക്രമം നൽകിയ മറുപടികളിൽനിന്ന് തെരഞ്ഞെടുത്ത ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളുമാണ് താഴെ ചേർത്തിട്ടുള്ളത്.

## റബ്ബർ പുകപ്പുരനിർമ്മാണം

*ചോദ്യങ്ങൾക്ക് മറുപടി നൽകിയത് മാത്യു ജോസഫ്, ഡെവലപ്മെന്റ് ഓഫീസർ, റബ്ബർബോർഡ്*

1. ***പുകപ്പുരനിർമ്മാണത്തിന് സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്തൊക്കെയാണ്?***

   പുകപ്പുരനിർമ്മിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുക്കുമ്പോൾ മഴക്കാലത്ത് ഉറവയും വെള്ളക്കെട്ടും ഉണ്ടാകുന്ന സ്ഥലങ്ങൾ ഒഴിവാക്കണം. യാതൊരു കാരണവശാലും പുറന്തള്ളുന്ന വാതായനങ്ങൾ സ്ഥിരമായി കാറ്റു വീശുന്നതിനഭിമുഖമായി വരുന്ന വിധത്തിൽ പുകപ്പുരകൾ നിർമ്മിക്കരുത്. റോളർ ഷെഡിനോട്ചേർന്ന് നിർമ്മിക്കുന്നതും വിറക് നനയാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതും ഉചിതമാണ്.

2. ***റബ്ബർഷീറ്റുകളുടെ എണ്ണത്തിനനുസരിച്ച് പുകയറയുടെ അളവ് കണക്കാക്കുന്നതെങ്ങനെയാണ്?***

   ഒരു മീറ്റർ നീളമുള്ള റീപ്പറിൽ രണ്ടുഷീറ്റുകൾ ഇടാവുന്നതാണ്. റീപ്പറുകളുടെ താങ്ങുപടിയിൽ ഏഴു സെ.മീറ്റർ അകലത്തിൽ റീപ്പറുകൾ നിരത്താം. പടികൾ തമ്മിൽ താഴത്തെ നിരകളിൽ (പച്ചഷീറ്റ് ഇടുന്ന നിരകളിൽ) 42-45 സെ. മീറ്റർ ഉയരവും മറിച്ചിട്ട ഷീറ്റുകൾ നിരത്തുന്ന മുകൾ തട്ടുകളിൽ 35 - 37 സെ.മീറ്റർ ഉയരവും ആവശ്യമാണ്. റീപ്പറുകൾ നിരത്തുന്ന ഏറ്റവും താഴത്തെപ്പടി പുകയറയുടെ തറയിൽ നിന്നും ഒരു മീറ്റർ ഉയരത്തിലാണ് തുടങ്ങേണ്ടത്. ഒരു മീറ്റർ വീതിയും 1.40 മീറ്റർ നീളവും 7.55 മീറ്റർ ഉയരവും (സീലിങ്ങിനു താഴെ) ഉള്ള പുകയറയിൽ 200 ഷീറ്റ് ഇടാം.

3. ***റബ്ബർഷീറ്റുകൾ റോളറുകളിൽ അടിച്ചെടുത്ത ശേഷം എപ്പോഴാണ് പുരപ്പുരയിൽ ഇടേണ്ടത്?***

   പുകപ്പുരയുടെ തറയ്ക്ക് ആവശ്യത്തിന് ചെരിവുണ്ടെങ്കിൽ റബ്ബർഷീറ്റുകൾ, അടിച്ചെടുത്ത ദിവസം തന്നെ പുകപ്പുരയിലിടുന്നതാണ് നല്ലത്. മഴക്കാലത്ത് ഒന്നു രണ്ടുദിവസം ഷീറ്റുകൾ പുറത്തിട്ടിരുന്നാൽ പൂപ്പൽ വളർച്ചതുടങ്ങും. ഷീറ്റുകൾ കഴുകി പൂപ്പൽ കളയേണ്ടതായി വരും. വേനൽക്കാലത്ത് പച്ചഷീറ്റുകൾ നേരിട്ട് വെയിലേൽക്കുമ്പോൾ ഉപരിതലം മാത്രം പെട്ടെന്നുണങ്ങും.ഷീറ്റുകളുടെ ഉള്ളിലെ ജലാംശം പൂർണ്ണമായും പുറത്തേയ്ക്ക് പോകുന്നതിന് ഉണങ്ങിയ പ്രതലം തടസ്സമാകും. അതിനാൽ ഷീറ്റുകൾ പൂർണ്ണമായി ഉണങ്ങിക്കിട്ടാൻ കാലതാമസം വരും.

4. ***ഇഷ്ടികയോ വെട്ടുകല്ലുകൊണ്ടു നിർമ്മിച്ച പുകപ്പുരയുടെ ഭിത്തി സിമന്റുപയോഗിച്ച് തേയ്ക്കേണ്ട ആവശ്യമുണ്ടോ?***

   പുകപ്പുരയുടെ പുറകുവശത്തെ ഭിത്തി തേച്ചില്ലെങ്കിലും ഉൾവശത്തെ ഭിത്തി നിർബന്ധമായും സിമന്റുപയോഗിച്ച് തേയ്ക്കണം. തറ നിർബന്ധമായും കോൺക്രീറ്റ് ചെയ്തിരിക്കണം.

5. ***പുകപ്പുരയ്ക്കകത്തുനിന്നുള്ള പുക പുറത്തേയ്ക്കു വിടുന്നതിന് വെന്റിലേഷൻ കൊടുക്കേണ്ടതുണ്ടോ?***




മാത്യു ജോസഫ് സി. കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു




എസ്.റ്റി ശരത്‌ലാൽ കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു

പുകപ്പുരയ്ക്കകത്തുനിന്നുള്ള നീരാവിനിറഞ്ഞ പുക പുറത്തേക്കു കളയുന്നതിന് നിർബന്ധമായും ആവശ്യത്തിന് വെന്റിലേഷൻ കൊടുക്കണം. സീലിങ്ങിന് അടിയിലായി പുകയറയുടെ ഭിത്തിയിൽ വേണം വെന്റിലേഷൻ കൊടുക്കുവാൻ. അല്ലാത്ത പക്ഷം വിയർപ്പുണ്ടാകുകയും ഷീറ്റുണങ്ങാൻ കാലതാമസം നേരിടുകയും ചെയ്യും.

6. ***പുകപ്പുരയിൽ ഉണങ്ങിയെടുത്ത ചില ഷീറ്റുകളിൽ ഒരു ഭാഗത്ത് വലിയ കുമിളകളും ചില അവസരങ്ങളിൽ ചെറിയ പൊട്ടുപോലുള്ള കുമിളകളും കാണപ്പെടുന്നു. ഇതെന്തു കൊണ്ടാണ്?***

   പുകനാളിയോട് അടുത്ത് ഷീറ്റുകൾ ഇടുന്നതുകൊണ്ടാണ് വലിയ കുമിളകൾ ഉണ്ടാകുന്നത്. പുകനാളിയിൽ നിന്നും പുകമുറിയിൽ നിന്നും തള്ളുന്ന ചൂടുവായുവും പുകയും പുകമുറിയിൽ തുല്യമായി വ്യാപിക്കുന്നതിന് പുകനാളിയുടെ വായറ്റത്ത് മുകളിലായി ഒരു മൂടി ഉണ്ടായിരിക്കണം. ഏറ്റവും താഴത്തെ നിലയിലെ ഷീറ്റുകൾ പുകനാളിമുഖത്തുനിന്ന് ഒരു മീറ്ററെങ്കിലും ഉയരത്തിൽ വേണം നിരത്താൻ. ഷീറ്റിൽ നിറയെ ചെറിയ കുമിളകളുണ്ടാകുന്നത്. പുകയറയിലെ ചൂട് 60 ഡിഗ്രിയിലും ചൂട് അധികമാകുന്നതുകൊണ്ടാണ്. ഏറ്റവും മുകൾനിരയിലെ ചൂട് 60 ഡിഗ്രിയിൽ കൂടാതെ ശ്രദ്ധിക്കണം.

7. ***പുകപ്പുരകൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിന് സാങ്കേതികോപദേശം എവിടെനിന്നും ലഭിക്കും?***

   പുകപ്പുരയുടെ പ്ലാൻ, എസ്റ്റിമേറ്റ്, പ്രൊജക്ട് റിപ്പോർട്ട് എന്നിവ റബ്ബർബോർഡിന്റെ എഞ്ചിനീയറിങ് ആന്റ് പ്രൊസ്സസ്സിന് ഡിവിഷനിൽ നിന്ന് ലഭ്യമാണ്. (ഫോൺ നമ്പർ - 0481-2353311). റബ്ബർബോർഡിന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും കൂട്ടുടമസ്ഥതയിൽ പ്രവർത്തിക്കുന്ന കമ്പനിയായ മെട്രോവുഡ് (Mtero wood) കരാറടിസ്ഥാനത്തിൽ പുകപ്പുരകൾ നിർമ്മിച്ചു നൽകുന്നുണ്ട്. ചെറുകിടകർഷകർക്കാവശ്യമായ 200 മുതൽ 450 വരെ ഷീറ്റുകളിടാവുന്ന പുകപ്പുരകൾ മെട്രോവുഡ് നിർമ്മിച്ചുനൽകുന്നു. (ഫോൺ: 7012308433, 9447057854)

## റബ്ബറധിഷ്ഠിത സ്വയം തൊഴിൽസംരംഭങ്ങളും സഹായപദ്ധതികളും

*ചോദ്യങ്ങൾക്ക് മറുപടി നൽകിയത് എസ്.റ്റി ശരത്‌ലാൽ, ഇൻഡ്സ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടയം ജില്ലാവ്യവസായകേന്ദ്രം.*

1. ***റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വ്യവസായവകുപ്പിൽനിന്ന് എന്തെങ്കിലും പരിശീലനങ്ങൾ ലഭിക്കുമോ?***

   വ്യവസായവകുപ്പിന്റെ കീഴിൽ ചങ്ങനാശ്ശേരി, മഞ്ചേരി എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളായ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിൽനിന്ന് റബ്ബറധിഷ്ഠിതസംരംഭങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യായ സാങ്കേതികസഹായങ്ങളും പരിശീലനങ്ങളും ലഭിക്കുന്നതാണ്.

2. ***വ്യവസായവകുപ്പിൽനിന്ന് സംരംഭകർക്ക് സാമ്പത്തികസഹായം ലഭിക്കുന്നതിന് പ്രായപരിധി നിഷ്കർഷിച്ചിട്ടുണ്ടോ? വനിതകൾക്ക് എന്തെങ്കിലും മുൻഗണന ലഭിക്കുന്നുണ്ടോ?***

   വ്യവസായവകുപ്പിൽനിന്നുള്ള സാമ്പത്തികസഹായങ്ങൾ ലഭിക്കുന്നതിന് പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ 45 വയസിന് താഴെ പ്രായമുള്ള പുരുഷന്മാർക്കും വനിതകൾക്കും സംരംഭകസഹായ പദ്ധതി പ്രകാരം മൂലധനനിക്ഷേപത്തിന്റെ അഞ്ചു ശതമാനം അധികസഹായമായി ലഭിക്കുന്നതാണ്.

3. ***വ്യവസായവകുപ്പിൽനിന്നുള്ള സാമ്പത്തിക സഹായത്തിന് എപ്രകാരമാണ് അപേക്ഷ സമർപ്പിക്കേണ്ടത്?***

   വ്യവസായ വകുപ്പിൽനിന്ന് സംരംഭകസഹായ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് സംരംഭം പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്നു. www.industry.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല കമ്മറ്റി അപേക്ഷ പരിശോധിച്ച് അർഹമായ സഹായധനം അനുവദിക്കുന്നതാണ്. സഹാ

യത്തിനായി ബന്ധപ്പെട്ട ജില്ലകളിലെ വ്യവസായ കേന്ദ്രം/ താലൂക്ക് വ്യവസായ ആഫീസ് എന്നിവയുമായി ബന്ധപ്പെട്ടാൽ ആവശ്യമായ സഹായങ്ങൾ ലഭിക്കുന്നതാണ്.

4. ***റബ്ബറധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കുന്നതിന് കൊളാറ്ററൽ സെക്യൂരിറ്റി നൽകേണ്ടതുണ്ടോ? പലിശനിരക്ക് എത്രയാണ്?***

റബ്ബറധിഷ്ഠിത വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതാണ്.

പത്തുലക്ഷം രൂപ വായ്പകൾക്ക് കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യമില്ല. ഇപ്രകാരമുള്ള വായ്പകൾ മുദ്ര (Micro Units Development and Refinancing Agency) സ്കീമുമായി ബന്ധപ്പെട്ടാണ് ധനകാര്യസ്ഥാപനങ്ങൾ അനുവദിക്കുന്നത്. പത്തു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യമാണ്. എന്നാൽ ക്രെഡിറ്റ് വാരന്റി ഫണ്ട് ട്രസ്റ്റ് ഫോർ മൈക്രോ ആന്റ് സ്മോൾ എന്റർപ്രൈസസ് സ്കീം പ്രകാരം ധനകാര്യസ്ഥാപനങ്ങളിൽനിന്ന് രണ്ടുകോടി രൂപ വരെ കൊളാറ്ററൽ സെക്യൂരിറ്റി കൂടാതെ ലഭിക്കുന്നതാണ്.

5. ***പുതിയ വ്യവസായസംരംഭങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാണോ?***

വ്യവസായസംരംഭങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമല്ല. എന്നാൽ സർക്കാരിൽനിന്നുള്ള ധനസഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് സ്ഥാപനം പ്രവർത്തനം ആരംഭിച്ച് ഉദ്യം രജിസ്ട്രേഷൻ (Udyam registration) ഫയൽ ചെയ്യേണ്ടതാണ്. സംരംഭകർക്ക് നേരിട്ട് തന്നെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടാവുന്നതാണ്.


തയ്യാറാക്കിയത്

**ആൻസമ്മ ജോർജ്**

(അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ)



## റബ്ബർമാസിക - പരസ്യനിരക്കുകൾ

റബ്ബർമാസികയുടെ നിലവിലുള്ള പരസ്യനിരക്കുകൾ (5% ജി.എസ്.ടി. ഉൾപെടെ) താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| ബാക്ക് കവർ (കളർ) | - | 13860 രൂപ |
| ഇൻസൈഡ് കവർ (കളർ) | - | 9975 രൂപ |
| സെന്റർ സ്പ്രെഡ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 16800 രൂപ |
| ഇൻസൈഡ് ഫുൾ പേജ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 8400 രൂപ |
| ഇൻസൈഡ് ½ പേജ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 4200 രൂപ |
| ഇൻസൈഡ് ¼ പേജ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 2100 രൂപ |
| ഇൻസൈഡ് ⅛ പേജ് (കളർ/ബ്ലാക്ക് & വൈറ്റ്) | - | 1313 രൂപ |

പരസ്യം നൽകാൻ ആഗ്രഹിക്കുന്നവർ, തയ്യാറാക്കിയ പരസ്യത്തിന്റെ സോഫ്റ്റ് കോപ്പി, പരസ്യം നൽകാൻ ആഗ്രഹിക്കുന്ന ലക്കത്തിന്റെ തൊട്ടുമുൻപത്തെ മാസം 20-ാം തീയതിക്കകം നൽകേണ്ടതാണ്. തുക റബ്ബർ ബോർഡിന്റെ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ അക്കൗണ്ടിൽ (A/C No. 1559500056, ഐ.എഫ്.എസ്.സി. CBIN 0284150) അടച്ചതിനുശേഷം വിവരം ppr@rubberboard.org.in അല്ലെങ്കിൽ rbpublicity@gmail.com എന്ന ഇ-മെയിലിൽ അയയ്ക്കുക. തുക ഡെപ്യൂട്ടി ഡയറക്ടർ (പി&പി.ആർ), റബ്ബർബോർഡ്, കോട്ടയം-2 എന്ന വിലാസത്തിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി അയയ്ക്കുകയും ചെയ്യാം.


## റബ്ബറിന്റെ രോഗനിയന്ത്രണത്തിന് 'വാട്ട്സ്ആപ്പ്'

റബ്ബർമരങ്ങളെ ബാധിക്കുന്ന രോഗകീടങ്ങളെക്കുറിച്ചും അവയ്ക്കുള്ള പ്രതിവിധികളെക്കുറിച്ചും അറിയാൻ വാട്ട്സ് ആപ്പിലൂടെ ബന്ധപ്പെടാം. റബ്ബറിനെ ബാധിക്കുന്ന എല്ലാവിധ രോഗ- കീടബാധകളും യഥാസമയം തിരിച്ചറിയുന്നതിനും പ്രതിവിധികൾ മനസ്സിലാക്കി തോട്ടങ്ങളിൽ നടപ്പാക്കുന്നതിനും ഈ സേവനം പ്രയോജനപ്പെടും. റബ്ബർമരങ്ങളെ ബാധിക്കുന്ന രോഗകീടങ്ങളെ തിരിച്ചറിയാൻ കർഷകർക്കു സ്വയം കഴിയുന്നില്ലെങ്കിൽ രോഗവിവരങ്ങൾ ചിത്രങ്ങൾ സഹിതം മൊബൈലിൽ എടുത്ത് വാട്ട്സ് ആപ്പിലൂടെ (നമ്പർ '9496333117') അയച്ചാൽ ഗവേഷണ കേന്ദ്രത്തിലെ വിദഗ്ധർ പ്രശ്നം തിരിച്ചറിഞ്ഞ് പ്രതിവിധികൾ നിർദ്ദേശിക്കും.

കൂടാതെ രോഗകീടങ്ങളെ തിരിച്ചറിയാൻ റബ്ബർഗവേഷണകേന്ദ്രത്തിലെ റബ്ബർ ക്ലിനിക്കിന്റെ സേവനം കർഷകർക്ക് ഉപയോഗിക്കാം. http://clinic.rubberboard.org.in എന്ന വെബ്സൈറ്റ് വഴിയാണ് പരസ്പരം ആശയ വിനിമയത്തിനുതകുന്ന വിധത്തിൽ ക്ലിനിക്ക് പ്രവർത്തിക്കുന്നത്. റബ്ബർബോർഡ് കോൾ സെന്റർ നമ്പറായ 0481 - 2576622 - ൽ (എല്ലാ പ്രവൃത്തിദിനങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെ) വിളിച്ചാൽ രോഗനിയന്ത്രണത്തിനാവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്.

## ‘ഫിറ്റ് ഇന്ത്യ റൺ-2.0’




‘ഫിറ്റ് ഇന്ത്യ റൺ-2.0’ ന്റെ ഭാഗമായി റബ്ബർബോർഡ് കോട്ടയത്തെ ഹെഡ് ഓഫീസിൽനിന്ന് പുതുപ്പള്ളിയിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വരെ ഓട്ടം സംഘടിപ്പിച്ചു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവന്റെ നേതൃത്വത്തിൽ ജീവനക്കാരും കുടുംബാംഗങ്ങളുമടക്കം 124 പേർ പങ്കെടുത്തു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് മഴയത്തും തളരാത്ത ആവേശത്തോടെയാണ് ജീവനക്കാരും കുടുംബാംഗങ്ങളും 9 കി.മീ ദൂരം ഓടിയെത്തിയത്. ‘ഫിറ്റ് ഇന്ത്യ റൺ-2.0’ ന്റെ ഭാഗമായി ജീവനക്കാർ വെർച്വൽ റണ്ണും നടത്തി. സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികാഘോഷങ്ങളുടെ (സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം) ഭാഗമായി കേന്ദ്ര യുവജനകാര്യ സ്പോർട്സ് മന്ത്രാലയമാണ് ആഗസ്റ്റ് 13 മുതൽ ഒക്ടോബർ 2 വരെ ‘ഫിറ്റ് ഇന്ത്യ റൺ-2.0’ സംഘടിപ്പിച്ചിട്ടുള്ളത്. റബ്ബർബോർഡിന്റെ ഗോഹട്ടി, അഗർത്തല ഓഫീസുകളിലും ‘ഫിറ്റ് ഇന്ത്യ റൺ-2.0’ന്റെ ഭാഗമായി ഓട്ടം നടത്തി.

## കർഷകർക്കായി മൊബൈൽ ആപ്ലിക്കേഷൻ

റബ്ബർകർഷകർക്കായി ‘റബ്ബർ കിസാൻ’ എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് റബ്ബർബോർഡ് പുറത്തിറക്കിയിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി ചേർന്ന് വികസിപ്പിച്ചെടുത്ത ഈ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്.

എല്ലാ ദിവസത്തെ റബ്ബർവിലയും റബ്ബർവിലയുടെ വർഷികശരാശരിയും മാസശരാശരിയും ആപ്പിലൂടെ അറിയാൻ കഴിയും. കൂടാതെ റബ്ബർകൃഷിസംബന്ധമായ വിവരങ്ങൾ, ഓരോ മാസവും ചെയ്യേണ്ട കൃഷിപ്പണികൾ, ബോർഡ് സംഘടിപ്പിക്കുന്ന മീറ്റിങ്ങുകൾ, പരിശീലനപരിപാടികൾ എന്നിവയെക്കുറിച്ചെല്ലാമുള്ള വിവരങ്ങൾ; റബ്ബറുമായി ബന്ധപ്പെട്ട വാർത്തകൾ; റബ്ബർബോർഡ് ഓഫീസുകളുടെ വിലാസം തുടങ്ങിയവയെല്ലാം ഇതിൽ ലഭ്യമാണ്.

ഗൂഗിൾ പ്ലേ സ്റ്റോറിൽ "Rubber Kisan' എന്ന് ടൈപ്പു ചെയ്ത് മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്യാം.

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2021 സെപ്റ്റംബർ 1 | 18050 | 17850 | 12890 | 18050 | 17850 | 13908 | 13839 |
| 2021 സെപ്റ്റംബർ 2 | 17950 | 17800 | 12840 | 17950 | 17800 | 13689 | 13622 |
| 2021 സെപ്റ്റംബർ 3 | 17900 | 17750 | 12785 | 17900 | 17750 | 13663 | 13596 |
| 2021 സെപ്റ്റംബർ 4 | 17900 | 17750 | അവധി | 17900 | 17750 | അവധി | അവധി |
| 2021 സെപ്റ്റംബർ 5 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2021 സെപ്റ്റംബർ 6 | 17900 | 17700 | 12840 | 17900 | 17700 | 13556 | 13489 |
| 2021 സെപ്റ്റംബർ 7 | 17800 | 17600 | 12840 | 17800 | 17600 | 13388 | 13320 |
| 2021 സെപ്റ്റംബർ 8 | 17700 | 17500 | 12785 | 17700 | 17500 | 13214 | 13146 |
| 2021 സെപ്റ്റംബർ 9 | 17600 | 17400 | 12680 | 17600 | 17400 | 12989 | 12921 |
| 2021 സെപ്റ്റംബർ 10 | 17500 | 17200 | 12575 | 17500 | 17200 | 13104 | 13036 |
| 2021 സെപ്റ്റംബർ 11 | 17400 | 17150 | അവധി | 17400 | 17150 | അവധി | അവധി |
| 2021 സെപ്റ്റംബർ 12 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2021 സെപ്റ്റംബർ 13 | 17400 | 17150 | 12575 | 17400 | 17150 | 13169 | 13101 |
| 2021 സെപ്റ്റംബർ 14 | 17400 | 17150 | 12575 | 17400 | 17150 | 13201 | 13134 |
| 2021 സെപ്റ്റംബർ 15 | 17400 | 17150 | 12575 | 17400 | 17150 | 13216 | 13149 |
| 2021 സെപ്റ്റംബർ 16 | 17450 | 17200 | 12520 | 17450 | 17200 | 13296 | 13229 |
| 2021 സെപ്റ്റംബർ 17 | 17450 | 17200 | 12520 | 17450 | 17200 | 13247 | 13180 |
| 2021 സെപ്റ്റംബർ 18 | 17400 | 17150 | അവധി | 17400 | 17150 | അവധി | അവധി |
| 2021 സെപ്റ്റംബർ 19 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2021 സെപ്റ്റംബർ 20 | 17300 | 17000 | 12415 | 17300 | 17000 | 12935 | 12869 |
| 2021 സെപ്റ്റംബർ 21 | 17200 | 16900 | 12365 | 17200 | 16900 | 12737 | 12671 |
| 2021 സെപ്റ്റംബർ 22 | 17100 | 16800 | 12365 | 17100 | 16800 | 12592 | 12526 |
| 2021 സെപ്റ്റംബർ 23 | 17000 | 16700 | 12365 | 17000 | 16700 | 12634 | 12568 |
| 2021 സെപ്റ്റംബർ 24 | 16900 | 16600 | 12260 | 16900 | 16600 | 12611 | 12545 |
| 2021 സെപ്റ്റംബർ 25 | 16900 | 16600 | അവധി | 16900 | 16600 | അവധി | അവധി |
| 2021 സെപ്റ്റംബർ 26 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2021 സെപ്റ്റംബർ 27 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12738 | 12672 |
| 2021 സെപ്റ്റംബർ 28 | 16900 | 16600 | 12260 | 16900 | 16600 | 12878 | 12811 |
| 2021 സെപ്റ്റംബർ 29 | 16900 | 16600 | 12260 | 16900 | 16600 | 12894 | 12828 |
| 2021 സെപ്റ്റംബർ 30 | 16900 | 16600 | 12260 | 16900 | 16600 | 12989 | 12923 |
| **ശരാശരി** | **17412** | **17164** | **12550** | **17412** | **17164** | **13120** | **13053** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ്, റബ്ബർബോർഡ്*


India 's No 1 Quality Rubber Roller & Sheeters Available All Over India

From - JOSE BROTHERS COIMBATORE - 641 027.

Branch - MARTHANDAM, Contact No. 94434 16380, 04651-270962


16


6


A2

# പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ജൂൺ 2021 | ജൂൺ 2020 | ഏപ്രിൽ 2021 & ജൂൺ 2021 | ഏപ്രിൽ 2020 & ജൂൺ 2020 | ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 30750 | 25490 | 76200 | 53325 | 462915 | |
| ബ്ലോക്കുറബ്ബർ | 11500 | 9400 | 29550 | 15525 | 143355 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 6000 | 5150 | 17500 | 10890 | 88680 | |
| മറ്റുള്ളവ | 1750 | 960 | 3750 | 2260 | 20050 | |
| ആകെ | 50000 | 41000 | 127000 | 82000 | 715000 | 54.9 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 42430 | 38535 | 137625 | 63985 | 522260 | |
| ബ്ലോക്കുറബ്ബർ | 48150 | 38450 | 134050 | 63425 | 463860 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 8050 | 5425 | 22230 | 10930 | 84645 | |
| മറ്റുള്ളവ | 2370 | 2050 | 7095 | 3120 | 25645 | |
| ആകെ | 101000 | 84460 | 301000 | 141460 | 1096410 | 112.8 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 73242 | 59003 | 220777 | 95149 | 780588 | 132.0 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 39362 | 18039 | 114960 | 80574 | 410478 | |
| കയറ്റുമതി (p) | 457 | 273 | 1774 | 1433 | 11343 | |
| **2021 ജൂൺ അവസാനത്തെ സ്റ്റോക്ക് (ടൺ)** | | | | | | |
| കർഷകർ | | 70000 | | | | 157500 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | | 78000 | | | | 75670 |
| ടയർ നിർമ്മാതാക്കൾ (c) | | 112000 | | | | 17230 |
| മറ്റു വ്യവസായികൾ | | 23000 | | | | 32600 |
| ആകെ | | 283000 | | | | 283000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ, R-പുതുക്കിയ കണക്കുകൾ പ്രകാരം.(ഡി.ജി.സി.ഐ. & എസ്., കൊൽക്കൊത്ത)

# കർഷകരുടെയും വ്യാപാരികളുടെയും പ്രോസ്സസേഴ്സിന്റെയും പക്കൽ പ്രോസ്സസ് ചെയ്യാതെയുള്ള റബ്ബർ ഉൾപ്പെടെ

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിപ്പാർട്ട്മെന്റ്, റബ്ബർബോർഡ്*

ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.


Anna Industries
കർഷകർക്ക്
വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

**പ്രസന്നൻ ആനിക്കാട്**





ഉത്പാദന വിതരണ രംഗത്ത്
42 വർഷം !
ORGANIC 100%
അനുകരിക്കാൻ കഴിയാത്ത ഗുണമേന്മ
CBC റബ്ബർ മിക്സ് ജൈവവളം
ജൈവകീടനാശിനി അടങ്ങിയത്
42 Years of Excellence
The South Indian Fertilizers
Basic Formula by
R HELI (Late)
Former Director of Agricultural Kerala state
സാങ്കേതിക ഉപദേഷ്ടാക്കൾ
Sri.K.K. Soman
Retd.Dy. Director Soil Survey
Dr. R. Kothanda Raman
Retd.Dy. Director Rubber Board
CBC ബ്രാൻഡ് ജൈവവളങ്ങൾ ഓരോ വിളകൾക്കും
പ്രത്യേകം പ്രത്യേകം തയ്യാർ ചെയ്യപ്പെടുന്നു.
COCONUT MIX, NUTMEG, PLANTAIN SPECIAL, CARDAMOM, ARECANUT, PEPPER
sif
Estd. 1979
South Indian Fertilizers
IDA, Edayar, P.O. Binanipuram, Kochi - 683 502, Kerala.
Email: sif@sif.in, Web : www.sif.in Ph: 9947773620
വിത്തു മുതൽ വിള വരെ കർഷകർക്കൊരു കൈത്താങ്ങായി
കർഷകർക്കാവശ്യമായ എന്തും ഏതും ഒരു കുടക്കീഴിൽ...
ഫ്രാഞ്ചൈസികൾക്ക് ബന്ധപ്പെടുക
9497165620, 9847902316
ഒരു സൗത്ത് ഇന്ത്യൻ സ്ഥാപനം
किसान केन्द्र
കിസാൻ കേന്ദ്ര
AGRI SUPER MARKET

RUBBER MONTHLY (MALAYALAM )
Published on 11 October 2021
RNI. 7842/65

Registered KL / KTM/ 44 / 2021-23
Licence No. KL / CR / KTM / WPP-30 / 2021-23
Licensed to post without pre-payment




Printed by KG Sathees Kumar, Deputy Director (P&PR). Rubber Board, Kottayam – 686 002. Published by KG Sathees Kumar, Deputy Director (P&PR), Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: KG Sathees Kumar.